
www.malankaralibrary.com



# ലിറ്റർജിക്കൽ ക്വിസ്

റവ. ഡോ. എബ്രഹാം കാക്കനാട്ട്

MALANKARA
LIBRARY

www.malankaralibrary.com

"ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുക" (യോഹ. 4:24)

# ലിററർജിക്കൽ കച്ചീസ്

(മലങ്കര ആരാധനാക്രമത്തെക്കുറിച്ചുള്ള ചോദ്യോത്തരങ്ങൾ)

MALANKARA CATHOLIC YO...

റവ. ഡോ. ഏബ്രഹാം കാക്കനാട്ട്

തിരുവല്ലാ രൂപത
— ആരാധനാജീവിത നവീകരണവർഷം —
പ്രസിദ്ധീകരണം നമ്പർ 4
തിരുവല്ല
1995

MALANKARA LIBRARY

www.malankaralibrary.com

വില 6 രൂപ

കോപ്പികൾക്ക്:—

ഡയറക്ടർ
ശാന്തിനിലയം
തിരുവല്ല — 689101

(പത്തിൽ കൂടുതൽ കോപ്പികൾ ഒരുമിച്ച് വാങ്ങിക്കുന്നവർക്ക് 5 രൂപ നിരക്കിൽ നല്കുന്നതായിരിക്കും).

---

Printed at
The St. Joseph's Printing House, Tiruvalla.

MALANKARA
LIBRARY

www.malankaralibrary.com

# ആമുഖം

ആരാധനക്രമം മലങ്കരസഭയുടെ ജീവൻെറ തുടിപ്പാണ്. അതിൻെറ നിറങ്ങളും ഭാവങ്ങളും ചിന്തകളും ചൈതന്യവുമെല്ലാം നമ്മുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. അതിൻെറ ആത്മീയ പരിവേഷം നമ്മെ സ്വർഗ്ഗീയ ജെറുസലേമിൻെറ പരമോന്നത മണ്ഡലങ്ങൾവരെ എത്തിക്കുന്നു.

മലങ്കരസഭയുടെ ആരാധനക്രമം ശിശുപ്രായം മുതൽ നമ്മുടെ ഇന്ദ്രിയങ്ങളെയും ഭാവനയേയും സ്വാധീനിക്കുന്നുണ്ട്. വിശ്വാസികളുടെ ആരാധനാസമൂഹത്തിൽ ഒരു ശിശു കാണുകയും കേൾക്കുകയും ചെയ്യുന്നത് പിൽക്കാലത്ത് അവൻ ബോധതലത്തിലേക്ക് കൊണ്ടുവരണം, കാര്യകാരണസഹിതം ഗ്രഹിക്കണം, അതാണ് ശരിയായ മതബോധനം. ഇന്ന് ആരാധനക്രമത്തോട് ബന്ധമോ പ്രതിബദ്ധതയോ ഇല്ലാത്ത മതബോധനമാണ് നടക്കുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ.

കുട്ടികൾക്ക് ആസ്വാദ്യകരവും, ആവേശകരവുമായ ഒരു ബോധനരീതിയാണല്ലോ ക്വിസ്. ഈ മാദ്ധ്യമമുപയോഗിച്ച് ആരാധനക്രമ വിഷയങ്ങൾ ആയാസരഹിതമായി അഭ്യസിപ്പിക്കുവാനുള്ള ഒരു എളിയ ശ്രമമാണ് ഈ ലഘുഗ്രന്ഥം. തിരുവല്ലാ രൂപത 'ആരാധനാജീവിത നവീകരണവർഷ' മായി ആചരിക്കുന്ന ഈ അവസരത്തിൽ ഇങ്ങനെയൊരു ഉദ്യമം അവസരോചിതമാണെന്ന് തോന്നി.

MALANKARA LIBRARY

www.malankaralibrary.com

നമ്മുടെ സഭയിലെ മുപ്പതിനായിരത്തോളം സൺഡേസ്ക്കൂൾ കുട്ടികളെ മുമ്പിൽ കണ്ടുകൊണ്ടാണ് ഇതു രചിക്കപ്പെട്ടിട്ടുള്ളതെങ്കിലും, M. C. Y. M. സംഘടനയിൽപ്പെട്ടവർക്കും, മുതിർന്നവർക്കും അതുപകരിക്കാതിരിക്കയില്ല.

ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന ചോദ്യോത്തരങ്ങൾ ഭാഗികമായി ആരാധനക്രമസംബന്ധമായ മററു പ്രസിദ്ധീകരണങ്ങളിൽ നിന്നെടുത്തിട്ടുള്ളവയാണ്. ഈ ഗ്രന്ഥരചനയ്ക്കായി എന്നെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്തിട്ടുള്ള എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. ശ്രദ്ധേയമായ അവതാരികകൾവഴി ഇതിനെ ധന്യമാക്കിയ മലങ്കരസഭയുടെ അഡ്മിനിസ്ട്രേററർ മോസ്ററ് റവ. സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായ്ക്കും, മലങ്കര ആരാധനക്രമ കമ്മീഷൻ ചെയർമാൻ മോസ്ററ് റവ. ഗീവറുഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായ്ക്കും കൃതജ്ഞതാനിർഭരമായ ആദരവുകളർപ്പിച്ചുകൊണ്ട് മലങ്കരസഭാമക്കളുടെ ഉപയോഗത്തിനായി ഈ ലഘുഗ്രന്ഥം സമർപ്പിച്ചുകൊള്ളുന്നു.

തിരുവല്ലാ — ഫാ. ഏബ്രഹാം കാക്കനൊട്ട്
8_8_1995

MALANKARA LIBRARY

www.malankaralibrary.com

# അവതാരിക

Most. Rev. Cyril Mar Baselios
Bishop of Bathery
Administrator
Syro-Malankara Catholic Church

Archbishop's House
Trivandrum 695 004
Kerala, India

To,

Very Rev. Dr. Abraham Kackanatt
St. John's Cathedral
Tiruvalla

പ്രിയ പെ. ബ. കാക്കനാട്ടച്ചാ,

തിരുവല്ലാ രൂപത 'ആരാധനാജീവിത നവീകരണ വർഷം' ആയി ആചരിച്ചുകൊണ്ടിരിക്കുന്ന ഈ വേളയിൽ ആരാധനക്രമസംബന്ധമായ ഒരു ക്വിസ് പുസ്തകം പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

ആരാധനക്രമം വിശ്വാസത്തിന്റെ ആഘോഷമാണ്. "പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം" എന്നാണല്ലോ പൗരാണിക തത്വം. വിശ്വാസം അതിന്റെ പരിശുദ്ധിയിൽ ജീവിക്കുകയും, ജീവിക്കുന്നത് ആഘോഷിക്കുകയും ചെയ്യുന്ന ഒരു മഹനീയ പാരമ്പര്യമാണ് മലങ്കര സഭയ്ക്കുള്ളത്. മർത്തോമ്മാ ശ്ലീഹായിൽനിന്ന് നമുക്ക് കൈമുതലായി കിട്ടിയ വിശ്വാസനിക്ഷേപം ഇന്നുവരെയും അഭംഗുരമായി കാ

MALANKARA LIBRARY

www.malankaralibrary.com

ത്തുസൂക്ഷിച്ചതും പോഷിപ്പിച്ചതും ഈ ആഘോഷത്തിൽ കൂടെയാണ്. ആരാധനക്രമമാകുന്ന സജീവ വിശ്വാസപാരമ്പര്യത്തിലേക്ക് യുവതലമുറയെ കൈപിടിച്ച് നയിക്കാനുള്ള ശ്രമമായിട്ടാണ് ഞാൻ ഈ ഗ്രന്ഥത്തെ വീക്ഷിക്കുന്നത്. മലങ്കരസഭയിലെ കുട്ടികളുടെയും യുവജനങ്ങളുടെയും വിശ്വാസപരിശീലനത്തിനും ഈ പുസ്തകം ഒരു മുതൽക്കൂട്ടായിരിക്കും.

ഈ സദുദ്യമത്തിന് ബ. കാക്കനൊട്ടച്ചനെ അനുമോദിക്കുകയും; മലങ്കര കത്തോലിക്കാസഭയിലെ മൂന്നു രൂപതകളിലും, നമ്മുടെ ബാഹ്യകേരള മിഷൻ പ്രദേശങ്ങളിലും, ഈ പുസ്തകത്തിന് പ്രചുരപ്രചാരം ലഭിക്കട്ടെയെന്നാശംസിക്കുകയും ചെയ്യുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

Yours lovingly in Our Lord,

Sd/-

( + Mar Baselios )

MALANKARA LIBRARY

www.malankaralibrary.com

# ലിററർജിക്കൽ ക്വിസ്

## ഉള്ളടക്കം


പേജ്

ആമുഖം iii

അവതാരിക v

I വിവിധ സഭകളും ആരാധനക്രമവും ...... 1

II ആരാധനക്രമത്തെപ്പററി വത്തിക്കാൻ പ്രമാണരേഖ ........ 6

III കൂദാശകൾ ........ 7

(a) മാമോദീസാ (b) മൂറോൻ
(c) കുമ്പസാരം (d) കുർബാന
(e) രോഗികളുടെ തൈലാഭിഷേകം
(f) തിരുപ്പട്ടം (g) വിവാഹം

IV ശവസംസ്ക്കാരം ........ 27

V ഭവനകൂദാശ ........ 30

VI ആരാധനാവത്സരം ........ 30

VII യാമപ്രാർത്ഥനകൾ ........ 35

VIII നോമ്പുകൾ ........ 37


MALANKARA LIBRARY

www.malankaralibrary.com


IX പെരുനാളുകൾ ........................................ 38

(a) മാറാനായ പെരുനാളുകൾ

(b) ദൈവമാതാവിൻെറയും വിശുദ്ധരു ടെയും തിരുനാളുകൾ

X പെരുനാളുകളും പ്രദക്ഷിണങ്ങളും ..... 43

XI ആരാധനക്രമ പ്രതീകങ്ങൾ ................ 44

XII വി. കുർബാനയിലെ ഗീതങ്ങളുടെ ബൈബിൾ പശ്ചാത്തലം ................ 53

XIII അന്യഭാഷാപദങ്ങളും അവയുടെ അർത്ഥങ്ങളും ... 56

XIV മെത്രാന്മാരുടെ പേരുകളും അർത്ഥവും... 59

XV ആചാര്യസ്ഥാനത്തിനടുത്ത അംശവസ്ത്ര ങ്ങളും അവയുടെ പ്രതിരൂപകാർത്ഥങ്ങളും 60

XVI ഹൃദിസ്ഥമാക്കേണ്ട ചില ചെറിയ പ്രാർത്ഥനകൾ ........................ 61

XVII ആരാധനയെക്കുറിച്ച് 40 വേദവാക്യങ്ങൾ... 65

XVIII പഴയനിയമ വായന സഹായി ............. 70


MALANKARA
LIBRARY

www.malankaralibrary.com

# I വിവിധ സഭകളും ആരാധനക്രമവും

1 കത്തോലിക്ക സഭയിലെ വിവിധ ആരാധനക്രമ കുടുംബങ്ങൾ ഏവ ?

a. അലക്സാണ്ഡ്രിയൻ
b. അന്ത്യോക്യൻ
c. അർമേനിയൻ
d. ബൈസൻറൈൻ
e. കൽദായ
f. റോമൻ
g. ഗാളിക്കൻ

2 'റീത്ത്' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

'Ritus' എന്ന ലത്തീൻ വാക്കിൻെറ അർത്ഥം 'രീതി', 'കർമ്മവിധി' എന്നൊക്കെയാണ്. പ്രഥമമായി ഉദ്ദേശിക്കുന്നത് ആരാധനരീതിയാണെങ്കിലും, അതോടൊപ്പം ഒരു പ്രത്യേകസഭയുടെ പാരമ്പര്യങ്ങൾ, ആത്മീയത, സഭാനിയമങ്ങൾ, ഹൈരാർക്കി എന്നിവയും പ്രസ്തുത പദം വഴിയായി അർത്ഥമാക്കുന്നുണ്ട്.

3 റീത്തുകളെ എങ്ങനെ തരം തിരിക്കാം ?

റോമൻ സാമ്രാജ്യത്തെ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും രണ്ടു പ്രവിശ്യകളായി തിരിച്ചി

MALANKARA LIBRARY

www.malankaralibrary.com

രുന്നു. ഭൂമിശാസ്ത്രപരമായ ഈ തരം തിരിവനുസരിച്ച്, അതാതു സ്ഥലങ്ങളിൽ വ്യാപിച്ചിരുന്ന സഭകളെയും അവർ ഉപയോഗിച്ചിരുന്ന ആരാധനരീതികളെയും പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും വിളിച്ചു പോരുന്നു.

4 പാശ്ചാത്യ റീത്തുകൾ ഏവ?

A റോമൻ (കുടുംബം)

i ലത്തീൻ

ii അംബ്രോസിയൻ

B ഗാളിക്കൻ (കുടുംബം)

i ഗാളിക്കൻ

ii മൊസ്സാറബിക്

5 പൗരസ്ത്യ റീത്തുകൾ ഏവ?

A അലക്സാണ്ഡ്രിയൻ (കുടുംബം)

i കോപ്റ്റിക്

ii എത്യോപ്യൻ

B അന്ത്യോക്യൻ (കുടുംബം)

i അന്ത്യോക്യൻ (സിറിയൻ)

ii മാറോനീത്താ

iii മലങ്കര

C കൽദായ (കുടുംബം)

i കൽദ്ദായ

ii മലബാർ

MALANKARA LIBRARY

www.malankaralibrary.com


D അർമേനിയൻ (കുടുംബം)

i അർമേനിയൻ

E ബൈസൻൈൻറൻ (കുടുംബം)

i ബറംഗേറിയൻ

ii ഗ്രീക്ക്

iii ഹംഗേറിയൻ

iv ഇററലോ—ഗ്രീക്ക്

v മൽക്കൈററ്

vi റുമേനിയൻ

vii റഷ്യൻ

viii റുത്തേനിയൻ

ix ജിയോർജിയൻ

6 അന്ത്യോക്യയുടെ പ്രാധാന്യമെന്ത് ?

ജെറുസലേമിലെ സഭ 'സഭകളുടെ മാതാവ്' എന്നറിയപ്പെടുന്നു. എന്നാൽ മതപീഡനംമൂലം ഈ സഭയ്ക്ക് അതിൻെറ ആദിമശക്തിയിൽ തുടരാൻ സാധിച്ചില്ല. അപ്പസ്തോലിക കാലത്തു തന്നെ പുരാതന സിറിയായുടെ തലസ്ഥാനമായ അന്ത്യോക്യാ, രണ്ടാമത്തെ വലിയ ക്രിസ്തീയ കേന്ദ്രമായി വളർന്നു. പത്രോസും പൗലോസും ബർനബാസുമൊക്കെ ഇവിടുത്തെ സഭയെ നട്ടുവളർത്തി. ഇവിടെ വച്ചാണ് യേശുവിൻെറ ശിഷ്യർ 'ക്രിസ്ത്യാനികരം' എന്ന പേരിൽ അറിയ

MALANKARA LIBRARY

www.malankaralibrary.com

പ്പെടാൻ തുടങ്ങിയത് (അപ്പ. 11:26). പത്രോസിന്റെ പിൻഗാമിയായ അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസാണ് ക്രിസ്തുവിന്റെ സഭയെ 'കത്തോലിക്ക സഭ' എന്നു വിളിച്ചു തുടങ്ങിയത്. ജെറുസലേമിൽ നിന്നും കൊണ്ടുവന്ന മാർ യാക്കോബിന്റെ അനാഫൊറാ, നാലാം നൂററാണ്ടോടുകൂടി അന്ത്യോക്യായിൽ സ്ഥായിയായ രൂപം പ്രാപിക്കുകയും, ലോകത്തിലെ ബാക്കി എല്ലാ കുർബാനകളുടെയും അടിസ്ഥാന മാതൃകയാവുകയും ചെയ്തു.

7 അന്ത്യോക്യൻ സഭയെ വളർത്തിയ പ്രധാനപ്പെട്ട സഭാ പിതാക്കന്മാർ ?

a അന്ത്യോക്യയിലെ മാർ ഇഗ്നാത്തിയോസ്

b അന്ത്യോക്യയിലെ മാർ തെയോഫിലോസ്

c അന്ത്യോക്യയിലെ മാർ ഇസഹാക്ക്

d സ്വർണ്ണ നാവുകാരനായ മാർ ഈവാനിയോസ് (വി. ജോൺ ക്രിസോസ്ററം)

e മാർ അപ്രേം

f സാറൂഗിലെ മാർ യാക്കോബ്

g എഡേസായിലെ മാർ യാക്കോബ്

h മോശെ ബർ കേഫാ

i മാർ ദിവന്ന്യാസ്യോസ് ബർസലീബി

j മാർ ഗ്രിഗോറിയോസ് ബാർ എബ്രായ

MALANKARA LIBRARY

www.malankaralibrary.com

8 അന്ത്യോക്യൻ റീത്ത് എങ്ങനെയാണ് മലങ്കരസഭയിൽ പ്രചാരത്തിൽ വന്നത്?

കൂനൻകുരിശ് സത്യത്തിനുശേഷം 1665-ൽ മാർ ഗ്രീഗോറിയോസ് എന്നൊരു യാക്കോബായ മെത്രാൻ, ഒന്നാം മാർത്തോമ്മായുടെ ക്ഷണപ്രകാരം ജെറുസലേമിൽ നിന്ന് മലങ്കരയിലെത്തി. അദ്ദേഹത്തിന്റെ വരവോടുകൂടി ആരംഭിച്ച്, 1836-ൽ മാവേലിക്കരയിലും 1876-ൽ മുളന്തുരുത്തിയിലും കൂടിയ സൂനഹദോസുകളിൽ അന്ത്യോക്യൻ റീത്തിന് ഇവിടെ (മലങ്കരയിൽ) ഔദ്യോഗികമായി അംഗീകാരം ലഭിച്ചു.

9 മലങ്കര റീത്ത് എന്നാണ് കത്തോലിക്കാ സഭയിൽ അംഗീകരിക്കപ്പെട്ടത് ?

1930 സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യത്തിന്റെ പ്രധാന വ്യവസ്ഥ തങ്ങളുടെ "പൗരാണിക റീത്തും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിച്ചു കൊണ്ട്" പോകുവാനുള്ള അവകാശമായിരുന്നു. പ. പിതാവ് പീയൂസ് പതിനൊന്നാമൻ മാർപ്പാപ്പ അത് അപ്രകാരം അംഗീകരിക്കുകയും, 1930 സെപ്റ്റംബർ 20ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ കൊല്ലം മെത്രാന്റെ അരമനചാപ്പലിൽ 'സീറോ-മലങ്കര' റീത്തിലെ ഒന്നാമത്തെ ബലിയർപ്പണം നടക്കുകയും ചെയ്തു.

MALANKARA LIBRARY

www.malankaralibrary.com



## II ആരാധനക്രമത്തെപ്പററി വത്തിക്കാൻ പ്രമാണരേഖ

10 സഭാ ജീവിതത്തിൽ ആരാധനക്രമത്തിൻെറ സ്ഥാനത്തെപ്പററി രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ സിദ്ധാന്തം ?

"സഭയുടെ പ്രവർത്തനം തന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണ് തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നതും അവിടെ നിന്നുതന്നെ".
(ആരാധനക്രമം 10)

11 റീത്തുകളുടെ തുല്യതയെക്കുറിച്ച് രണ്ടാം വത്തിക്കാൻ സൂനഹദോസ് എന്തു പറയുന്നു ?

"നിയമാനുസൃതം അംഗീകൃതമായ എല്ലാ റീത്തുകാംക്കും തിരുസഭാമാതാവ് തുല്യവകാശവും ശ്രേഷ്ഠതയുമാണ് കല്പിക്കുന്നത്".
(ആരാധനക്രമം 1, 4)

12 ആരാധനക്രമത്തിൽ വിശ്വാസികാം കർമ്മോത്സുകരായി ഭാഗഭാക്കുകളാകണമെന്ന് ഉത്ബോധിപ്പിക്കുന്ന പത്രോസു ശ്ലീഹായുടെ ലേഖനത്തിലെ രണ്ടു വാക്യങ്ങാം ?

a. "നിങ്ങാം തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകിയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിൻെറ സ്വന്തജനവുമാണ്. അതിനാൽ അന്ധകാരത്തിൽ നിന്ന് തൻെറ അത്ഭുതകരമായ പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവൻെറ നന്മകാം പ്രകീർത്തിക്കണം (1 പത്രോ. 2:9).

MALANKARA LIBRARY

www.malankaralibrary.com

b. “നിങ്ങൾ സജീവശിലകൾ കൊണ്ടുള്ള ആത്മീയഭവനമായിപടുത്തുയർത്തപ്പെടട്ടെ. യേശുക്രിസ്തുവഴി ദൈവത്തിന് സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമാകയും ചെയ്യട്ടെ” (1 പത്രോ. 2:5)

13 ആരാധനക്രമത്തിൽ കലയുടെ സ്ഥാനമെന്ത്?

ദൈവത്തിന്റെ അനന്തമായ സൗന്ദര്യത്തിലേക്ക് മനുഷ്യഹൃദയങ്ങളെ ഉയർത്തുവാൻ കലയ്ക്കു കഴിവുണ്ട്. ക്രിസ്തുവിന്റെ രക്ഷാകരമായ പ്രവർത്തനങ്ങളെ ഹൃദയസ്പർശിയാക്കാൻ കലാരൂപങ്ങൾക്ക് സാധിക്കും. ദൈവാലയത്തിന്റെ ശില്പകല, ചുമർചിത്രങ്ങൾ, അലങ്കാരങ്ങൾ, ദൈവാലയ സംഗീതം എന്നിവ അക്കൂട്ടത്തിൽ പെടും (cfr. ആരാധനക്രമം, VIII, 122-130)

## III. കൂദാശകൾ

### a) മാമോദീസാ

14 തലതൊടുന്ന ആളിന്റെ ചുമതല?

മാമോദീസാ സ്വീകരിക്കുന്ന ആളിനുവേണ്ടി വിശ്വാസം ഏററുപറഞ്ഞ് പ്രതിജ്ഞ ചെയ്യുന്നു. ശിശുവിനെ വിശ്വാസത്തിൽ വളർത്തുന്നതിന് ചുമതലയുണ്ട്.

15 മാമോദീസാ സമയത്ത് ശിശുവിന്റെമേൽ പുരോഹിതൻ ഊതുന്നതിന്റെ അർത്ഥം?

മണ്ണുകൊണ്ട് ആദാമിനെ സൃഷ്ടിച്ച് ദൈവം അവന്റെ നാസാദ്വാരത്തിൽ ഊതിയപ്പോൾ അവനു

www.malankaralibrary.com


ജീവനുണ്ടായി. അതുപോലെ, ജന്മപാപത്തിൽ നിന്നും കർമ്മപാപത്തിൽനിന്നും മോചനം നൽകി പുതുജീവൻ നൽകുകയാണിതിന്റെ അർത്ഥം.

16 മാമോദീസാ സമയത്ത് സ്നാനാർത്ഥിയെ അഭിഷേകം ചെയ്യുന്നതിന്റെ പൊരുൾ?

സത്യ ഒലിവായ ക്രിസ്തുവിൽ നമ്മെ ഒട്ടിച്ചു ചേർക്കുന്നതിനുവേണ്ടി ഒലിവ് എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു (റോമ. 11:17). വിശ്വാസിയുടെ ജീവിതത്തിലേക്ക് സന്തോഷവും സമാധാനവുമായ യേശു കടന്നുവരുന്നതിന്റെ സൂചനകൂടിയാണിത്.

17 മാമോദീസായിലെ കർമ്മസാധനങ്ങൾ ഏവ?

വെള്ളം
മാമോദീസാ സൈത്ത്
വി. മൂറോൻ.

18 വി. മാമോദീസായ്ക്കു വെള്ളം വാഴ്ത്തുന്നതിന്റെ പൊരുൾ എന്ത്?

യേശുക്രിസ്തുവിന്റെ മാമോദീസായാൽ യോർദ്ദാനിലെ വെള്ളം ശുദ്ധീകരിക്കപ്പെട്ടതുപോലെ പരിശുദ്ധാത്മാവിന്റെ കൃപയാൽ വെള്ളം വീണ്ടെടുപ്പിന്റെയും ജീവന്റെയും പ്രതീകമായി മാറുവാൻവേണ്ടിയാണ് വെള്ളം വാഴ്ത്തുന്നത്.

19 എന്തുകൊണ്ടാണ് മാമോദീസായ്ക്ക് തണുത്ത വെള്ളവും ചൂടുവെള്ളവും മൂറോനും ചേർത്തുപയോഗിക്കുന്നത്?

കർത്താവ് സ്നാനമേററ ജോർദ്ദാൻ നദിയിലെ ജലം ഹെർമ്മോൻ പർവ്വതത്തിൽനിന്ന് ഒഴുകിവ

MALANKARA LIBRARY

www.malankaralibrary.com

രുന്ന തണുത്ത വെള്ളവും, ദാൻ മരുഭൂമിയിൽ കൂടിവരുന്ന യെർമൂക് നദിയിലെ ചൂടുവെള്ളവും, ഗീലയാദ് മലകളിൽനിന്നുത്ഭവിക്കുന്നതും, അതിൻെറ താഴ്വരകളിൽ വളരുന്ന സുഗന്ധസസ്യങ്ങളുടെ ഗുണമാർന്ന യാബോക് നദിയിലെ സുഗന്ധവും ഔഷധഗുണമുള്ളതുമായ വെള്ളവുംകൂടി കലർന്നതായിരുന്നു. സ്നാനാർത്ഥിയെ സംബന്ധിച്ചിടത്തോളം മാമോദീസാത്തൊട്ടി ഒരു ആത്മീയ യോർദ്ദാൻ ആയി മാറുകയാണ്.

20 ദൈവാലയത്തിൽ മാമോദീസാത്തൊട്ടിയുടെ സ്ഥാനമെവിടെ?

ഹൈക്കലായിൽ കിഴക്കുഭാഗത്തായി തെക്കേ ഭിത്തിയോട് ചേർന്ന്, അല്ലെങ്കിൽ തെക്കുകിഴക്കു ഭാഗത്ത് പ്രത്യേക മുറിയുണ്ടെങ്കിൽ (Baptistry) അവിടെയാണ് മാമോദീസാത്തൊട്ടിയുടെ സ്ഥാനം.

21 മാമോദീസാത്തൊട്ടിയുടെ രണ്ടു വിശേഷണങ്ങൾ?

a. 'ആത്മീയ ഉദരം'

b. 'അനശ്വരതയെ വാർക്കുന്ന മൂശ'.

22 മാമോദീസാർത്ഥിക്ക് മാമോദീസായും മൂറോനും കൊടുത്തശേഷം ആദ്യമായി വി. കുർബാന കൊടുക്കുമ്പോൾ വൈദികൻ എന്താണ് പറയുന്നത്?

"പറുദീസായിൽവച്ച് ആദം രുചിച്ചു നോക്കാതിരുന്ന ഫലം ഇന്നിതാ നിൻെറ നാവിൽ വയ്ക്കപ്പെടുന്നു".

MALANKARA LIBRARY

www.malankaralibrary.com

23 ഈ പ്രസ്താവനയുടെ അർത്ഥം എന്ത്?

പ. കുർബാന ക്രിസ്ത്യാനിയെ പറുദീസായുടെ അനുഭവത്തിലേക്ക് തിരികെ ആനയിക്കുന്നു.

24 മാമോദീസായിൽ പിശാചിനെ തള്ളിപ്പറയുന്ന ഭാഗത്ത് എന്തുകൊണ്ട് അർത്ഥി പടിഞ്ഞാറോട്ട് തിരിഞ്ഞു നിൽക്കുന്നു?

പടിഞ്ഞാറ് അന്ധകാരശക്തികളുടെ പ്രതീകമായ പിശാചിൻെറ ആസ്ഥാനമായി പൗരാണികർ കരുതിയിരുന്നു.

25 എത്ര പ്രാവശ്യം സ്നാനാർത്ഥി മുദ്രകുത്തപ്പെടുന്നു? എങ്ങനെ?

മൂന്നു പ്രാവശ്യം : a. തൈലം കൂടാതെ
b. മാമോദീസാ തൈലമുപയോഗിച്ച്
c. മൂറോൻ ഉപയോഗിച്ച്

26 മാമോദീസായിൽ രണ്ടുപ്രാവശ്യം പിശാചിനെ ബഹിഷ്ക്കരിക്കുന്നുണ്ട്. എപ്പോഴെല്ലാം?

a. സാത്താനെ തള്ളിപ്പറയുകയും, മിശിഹായെ ഏറ്റുപറയുകയും ചെയ്യുന്ന പ്രതിജ്ഞാവാചകത്തിന് മുമ്പായി സ്നാനാർത്ഥിയിൽ നിന്ന് ബഹിഷ്ക്കരിക്കുന്നു.

b. വെള്ളത്തിൽ പരിശുദ്ധാത്മാവിനെ ആവസിപ്പിക്കുന്നതിന് മുമ്പായി വെള്ളത്തിൽ നിന്ന് ബഹിഷ്ക്കരിക്കുന്നു.

MALANKARA LIBRARY

www.malankaralibrary.com

## b) വി. മൂറോൻ

27 മൂറോൻ എന്ന പദത്തിന്റെ അർത്ഥം?

സുഗന്ധതൈലം

28 പണ്ടുമുതലേ ഈ അഭിഷേകതൈലം ഉണ്ടായിരുന്നോ? ഉണ്ടെങ്കിൽ അതിനുള്ള തെളിവ് എന്ത്?

ഉണ്ട്. പുറപ്പാട് 30: 22_25 വരെയുള്ള വാക്യങ്ങളിൽ ഇത് ഉണ്ടാക്കുന്നതിനെപ്പററി പ്രതിപാദിച്ചിട്ടുണ്ട്.

29 എന്തിനുവേണ്ടിയാണ് മൂറോൻ ഉണ്ടാക്കിയിരുന്നത്?

സമാഗമനകൂടാരവും സാക്ഷ്യപേടകവും കൂടാരത്തിലെ ഉപകരണങ്ങളും അഭിഷേകം ചെയ്യാൻവേണ്ടി (പുറ. 30: 26_27).

30 സഭയിൽ വി. മൂറോന്റെ ഉപയോഗമെന്ത്?

മാമോദീസായ്ക്ക് വെള്ളം ശുദ്ധീകരിക്കുന്നു. മാമോദീസായ്ക്കുശേഷം അഭിഷേകം ചെയ്യുന്നതിനും, ദേവാലയങ്ങളും പള്ളികളും തബ്ലീത്തോ പലകയും കൂദാശ ചെയ്യുന്നതിനുംവേണ്ടി.

31 മൂറോനഭിഷേകത്തെ 'മുദ്ര' എന്നു വിളിക്കുന്നതിന്റെ വി. ഗ്രന്ഥാടിസ്ഥാനം?

a. "അവിടുന്ന് നമ്മിൽ തന്റെ മുദ്ര പതിക്കുകയും അച്ചാരമായിട്ട് തന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് പകരുകയും ചെയ്തിരിക്കുന്നു" (1 കോരി. 1:22).

b. "…. അവനിൽ വിശ്വസിക്കുന്ന നിങ്ങളും വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ മുദ്രിതരായിരിക്കുന്നു" (എഫേ. 1:14).

MALANKARA LIBRARY

www.malankaralibrary.com


32 മൂറോനഭിഷേകത്തിൻെറ അവസാനം എന്തുകൊണ്ടാണ് (ആൺ)കുട്ടികളെ മദ്ബഹായിൽ പ്രവേശിപ്പിച്ച് ത്രോണോസിൻെറ കോണുകൾ മുത്തിക്കുന്നത്?

മാമോദീസായും മൂറോനും മുഖാന്തിരം രാജാവും, പ്രവാചകനും, പുരോഹിതനുമായ മിശിഹായോട് ചേർത്ത് ഒട്ടിക്കപ്പെട്ട അവയവം എന്നനിലയിൽ, യേശുവിൻെറ പൗരോഹിത്യത്തിൽ പങ്കാളിയാകുന്നുവെന്നതിൻെറ സൂചനയാണിത്.

33 പരിശുദ്ധാത്മാവിൻെറ പ്രതീകങ്ങൾ ഏവ?

പ്രാവ് (ലൂക്ക. 3:22)
തീയ് (അപ്പ. 2:3)
കാററ് (അപ്പ. 2:2)
വെള്ളം (യോഹ. 7: 37_39)
എണ്ണ (1 യോഹ. 2:27)

## c) കുമ്പസാരം

34 പട്ടക്കാർക്ക് പാപമോചനാധികാരം ഉണ്ടോ? എങ്കിൽ എങ്ങനെ ലഭിച്ചു?

യേശുക്രിസ്തു ശിഷ്യന്മാരോട് ഇപ്രകാരം അരുളിച്ചെയ്തു. "നിങ്ങൾ ഭൂമിയിൽ കെട്ടുന്നത് സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും, ഭൂമിയിൽ നിങ്ങൾ അഴിക്കുന്നത് സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും (മത്താ. 16:19). ആയതിനാൽ ശിഷ്യന്മാരുടെ പിൻഗാമികളായ പട്ടക്കാർക്ക് പാപങ്ങൾ അഴിക്കുവാൻ അധികാരമുണ്ട്.

## d) വി. കുർബാന

35 വി. കുർബാനയുടെ അപരനാമങ്ങൾ?

a. സമ്മേളനം (ക്നുശ്യോ)
b. കർതൃഭോജനം

MALANKARA LIBRARY

www.malankaralibrary.com

c. കൂറോബോ
d. കുർബോനോ
e. ദിവ്യ രഹസ്യങ്ങൾ
f. പൂർണ്ണതകളുടെ പൂർണ്ണത
g. എവുക്കരിസ്തിയാ
h. ബലി

36 'കുർബോനോ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം?

ബലിയർപ്പണം, കാഴ്ചയർപ്പണം.

37 'കൂറോബോ' (എഫേ. 2:18) എന്ന സുറിയാനി വാക്കിന്റെ അർത്ഥം?

സാമീപ്യം, പ്രവേശനം.

38 'എവുക്കാറിസ്തിയ' എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം.

കൃതജ്ഞതാർപ്പണം.

39 'അനാഫൊറ' എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം?
ബലി, ഉയർത്തിക്കൊടുക്കുക.

40 മലങ്കര കത്തോലിക്ക സഭ ഇപ്പോൾ ഉപയോഗിക്കുന്ന കുർബാന തക്സായിൽ എത്ര അനാഫുറാകൾ ഉണ്ട്. അവ ഏതെല്ലാം?

ഒൻപത് : മാർ യാക്കോബ്
യോഹന്നാൻ ഏവൻഗേലിസ്താ
12 ശ്ലീഹന്മാർ
മാർ ദിവന്ന്യാസ്യോസ്
മാർ ഈവാനിയോസ്
മാർ പത്രോസ് ശ്ലീഹാ
മാർ ക്സുസ്തോസ്
മാർ ഒസ്താത്തിയോസ്
വി. പിതാക്കന്മാരുടെ മ്കാന്ദശ്ത്താ

MALANKARA LIBRARY

www.malankaralibrary.com


41 മലങ്കരസഭയുടെ കുർബാന തക്സാ ആരുടെ പേരിൽ അറിയപ്പെടുന്നു?

"നമ്മുടെ കർത്താവിന്റെ സഹോദരനും, അപ്പസ്തോലനും, ജറുസലേമിലെ ഒന്നാമത്തെ പ്രധാനാചാര്യനുമായിരുന്ന **മാർ യാക്കോബു ശ്ലീഹായുടെ പേരിൽ**". (ഇതിനെ ആധാരമാക്കിയാണ് മററു അനാഫുറാകരം രചിക്കപ്പെട്ടിരിക്കുന്നത്).

42 അന്ത്യോക്യൻ പാരമ്പര്യത്തിൽ ഇപ്പോരം നിലവിലുള്ള അനാഫുറാകളുടെ ഏകദേശ സംഖ്യ?

എഴുപതിൽപരം.

43 മാർ യാക്കോബു ശ്ലീഹായുടെ തക്സാ പരിഷ്ക്കരിച്ച പണ്ഡിതന്മാർ?

എഡേസ്സായിയെ വി. യാക്കോബ്, മാർ എബ്രായാ.

44 വി. കുർബാനയിലെ ഏതു ഭാഗത്തെയാണ് 'അനാഫുറാ' സൂചിപ്പിക്കുന്നത്?

സമാധാനപ്രാർത്ഥന മുതൽ കൃതജ്ഞതാപ്രാർത്ഥന വരെയുള്ള ഭാഗം.

45 വി. കുർബാനയിൽ പഴയനിയമ വായനയ്ക്ക് ഒരുക്കമായി സമൂഹം മുഴുവനുംകൂടി പാടുന്ന സൂമോറൊ?

"നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്ന് ദാവീദു മുഖാന്തരം പരിശുദ്ധറൂഹാ പാടി" (സങ്കീ. 118:15).

46 പഴയനിയമത്തിൽ നിന്ന് സാധാരണ എത്ര വായനകളാണ് ഒരു ഞായറാഴ്ചത്തേക്ക് കൊടുത്തിരിക്കുന്നത് ?

നാല്

MALANKARA LIBRARY

www.malankaralibrary.com


47 പഴയനിയമ വായനകൾ ഏതെല്ലാം ഭാഗങ്ങളിൽ നിന്നാണ്?

a. പഞ്ചഗ്രന്ഥി
b. ചരിത്ര പുസ്തകങ്ങൾ
c. വിജ്ഞാന ഗ്രന്ഥങ്ങൾ
d. പ്രവചന ഗ്രന്ഥങ്ങൾ

48 പഴയനിയമ വായനകൾ എപ്പോഴാണ് വായിക്കുന്നത്?

യാമനമസ്കാരത്തിനു ശേഷം, ഒരുക്ക ശുശ്രൂഷാ സമയത്ത്.

49 മലങ്കര കുർബാനയെ നാലുഭാഗങ്ങളായി തിരിക്കാം. എങ്ങനെ?

a. ഒരുക്ക ശുശ്രൂഷ (തൂയോബോ)
b. വചനശുശ്രൂഷ (തുൽമോദോ)
c. ബലിയർപ്പണം (ദെബഹോ)
d. ബലിവിരുന്ന് (മെശ്തൂസോ)

50 എന്തുകൊണ്ടാണ് കുർബാനയപ്പം 'ആദ്യജാതൻ' 'ആദ്യഫലം' എന്നിങ്ങനെ നാമകരണം ചെയ്യപ്പെടുന്നത്?

പഴയനിയമത്തിൽ മനുഷ്യരുടെയും മൃഗങ്ങളുടെയും കടിഞ്ഞൂലുകളും, വിളവുകളുടെ ആദ്യഫലങ്ങളും ദൈവത്തിന് അർഹതപ്പെട്ടതായിരുന്നു (പുറ: 13:1-2; നിയമ. 15:19). പുതിയ നിയമം ക്രിസ്തുവിനെ 'ആദ്യജാതൻ' എന്ന് പലയിടത്തും വിളിക്കുന്നുണ്ട് (ലൂക്കാ. 2:7; റോമ: 8:29; കൊളോ: 1:15, 18; ഹെബ്ര. 1:6; വെളി: 1-5). മനുഷ്യരാൽ ദൈവത്തിന് സമർ

MALANKARA LIBRARY

www.malankaralibrary.com

പ്പിക്കപ്പെടുന്ന സകലത്തിൻെറയും, ക്രിസ്തുവിൻെറ സ്വസമർപ്പണത്തിൻെറയും പ്രതീകമാണ് കുർബാനയിലെ കാഴ്ചയപ്പം.

51 മലങ്കര കുർബാനയിൽ എന്തുകൊണ്ട് പുളിപ്പിച്ച അപ്പം ഉപയോഗിക്കുന്നു.?

a. സ്വർഗ്ഗരാജ്യം പുളിമാവിനോട് സദൃശം (മത്ത. 13_33)

b. പുളിമാവ് സഭയുടെ പിന്തുടർച്ചയെ സൂചിപ്പിക്കുന്നു. (ബർ സലീബി)

52 വി. കുർബാനയുടെ ഒന്നാം ശുശ്രൂഷയെ എന്തുകൊണ്ട് 'മൽക്കിസദേക്കിൻെറ ശുശ്രൂഷ' എന്നു വിളിക്കുന്നു?

അത്യുന്നത ദൈവത്തിൻെറ പുരോഹിതനായിരുന്ന മൽക്കിസദേക്ക് അപ്പവും വീഞ്ഞും എടുത്തുകൊണ്ട് അബ്രാഹത്തെ എതിരേററ സംഭവത്തെ അനുസ്മരിപ്പിക്കുന്നതുകൊണ്ടാണ് അപ്രകാരം വിളിക്കപ്പെടുന്നത് (cfr. ഉല്പ. 14:18; ഹെബ്ര. 6:20)

53 വി. കുർബാനയുടെ രണ്ടാം ശുശ്രൂഷയെ 'അഹറോൻെറ ശുശ്രൂഷ' എന്നു വിളിക്കുന്നു. കാരണം?

പഴയനിയമത്തിൽ പ്രധാനാചാര്യനായിരുന്ന അഹറോനും മററു പുരോഹിതന്മാരും അണിഞ്ഞിരുന്ന തിരുവസ്ത്രങ്ങളും, അവർ അർപ്പിച്ച ധൂപത്തെയും അനുസ്മരിപ്പിക്കുമാറ് പുരോഹിതൻ സ്ഥാനവസ്ത്രങ്ങളണിയുകയും ബലിവസ്തുക്കളിന്മേൽ ധൂപം അർപ്പിക്കുകയും ചെയ്യുന്നതിനാലാണ് ഈ പേർ നൽകപ്പെട്ടത് (സംഖ്യ 16:41_50; പുറ. 28:1_31)

MALANKARA LIBRARY

www.malankaralibrary.com

54 വി. കുർബാനയിൽ പുതിയ നിയമത്തിൽ നിന്ന് എത്ര വായനകളുണ്ട്? അവ എവിടെ നിന്ന്?

മൂന്ന്. a. അപ്പസ്തോല പ്രവർത്തനങ്ങൾ, കാതോലിക ലേഖനങ്ങൾ, വെളിപാട് (ഇവയിൽ ഒന്നിൽ നിന്ന്).

b. വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ നിന്ന്.

c. സുവിശേഷങ്ങളിൽ നിന്ന്.

55 പട്ടക്കാരൻ കുർബാനമദ്ധ്യേ തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ജനത്തോട് അഭ്യർത്ഥിക്കുന്ന സന്ദർഭങ്ങൾ?

a. മദ്ബഹായിലേക്ക് പ്രവേശിക്കുമ്പോൾ

b. വിശ്വാസ പ്രമാണവേളയിൽ

c. വി. കുർബാന അനുഭവിക്കുന്നതിന് മുമ്പ്

d. അവസാനത്തെ ആശീർവാദത്തിന്റെ സന്ദർഭത്തിൽ.

56 ശുശ്രൂഷക്കാരൻ മെഴുകുതിരി പിടിച്ചിരിക്കുന്നത് ആരെ അനുസ്മരിക്കാനാണ്?

വി. യോഹന്നാൻ സ്നാപകനെ.

57 ധൂപകലശം വാഴ്ത്തുന്നത് എന്തിനെ സൂചിപ്പിക്കുന്നു?

വി. ത്രിത്വം വെളിപ്പെട്ടതിനെ.

58 മദ്ബഹായിൽ നിന്ന് ഹൈക്കലായിലേക്കും തിരിച്ചും ധൂപം വീശുന്നതെന്തിന്?

സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്കിറങ്ങിവന്ന ദൈവം ലോകം മുഴുവനുംവേണ്ടി പാപപരിഹാരമായി തീർന്നശേഷം ദൈവത്വം നഷ്ടപ്പെടാതെ തിരിച്ചുപോയതിനെ സൂചിപ്പിക്കുന്നു.

MALANKARA LIBRARY

www.malankaralibrary.com

59 കൈകസ്തൂരി നൽകുന്നതിന്റെ അർത്ഥമെന്ത്?

"വി. കുർബാന സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയുമാണ്" (ആരാധനക്രമം, 47). കർത്താവിന്റെ ബലിയർപ്പിക്കുന്നതിന് മുമ്പ് മനുഷ്യർ പരസ്പരം രമ്യപ്പെടണം (മത്ത. 5.23-24; യോഹ. 13-35; 2 കോരി 13:12). ദൈവത്തോട് നിരപ്പാകുന്നുവെന്നതിന്റെ അടയാളമായി വൈദികൻ ത്രോണോസ് ചുംബിച്ച്, കർത്താവിൽ നിന്ന് സ്വീകരിക്കുന്ന സമാധാനം, ശുശ്രൂഷക്കാരൻ വഴി വിശ്വാസികളിലേക്കും, വിശ്വാസികൾ പരസ്പരവും കൈമാറുന്നതാണ് കൈകസ്തൂരി.

60 വി. കുർബാനയിൽ 'ശോശപ്പാ' എന്തിന് ഉപയോഗിക്കുന്നു?

വിശുദ്ധ രഹസ്യങ്ങൾ ആച്ഛാദനം ചെയ്യുന്നതിന് ഉപയോഗിക്കുന്നു.

61 'ശോശപ്പാ' എന്ന പട്ടുതുണിയിലുള്ള വിവിധ അടയാളങ്ങൾ? അവ ഓരോന്നും ഏതൊക്കെ കാലത്തെ സൂചിപ്പിക്കുന്നു?

a. നക്ഷത്രത്തിന്റെ അടയാളം → യൽദാക്കാലത്ത്

b. പ്രാവിന്റെ രൂപം → ദനഹ—പെന്തിക്കോസ്തിക്കാലങ്ങളിൽ

c. കുരിശുരൂപം → സ്ളീബാക്കാലത്തും മററുകാലങ്ങളിലും

62 ശോശപ്പാ എന്തിന്റെയൊക്കെ പ്രതീകമാണ്?

ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കു പന്ത്രണ്ടു നീരുറവകൾ ഒഴുക്കിക്കൊടുത്ത തീക്കൽപ്പാറ (സംഖ്യ 20:12-13) യുടെയും, യേശുക്രിസ്തുവി

MALANKARA LIBRARY

www.malankaralibrary.com

ൻെറ കബറിടത്തിൽ വച്ച തീക്കൽപ്പാറയുടെയും പ്രതീകമാണ്.

63 'ശോശപ്പാ ആഘോഷം' എന്തിനെ സൂചിപ്പിക്കുന്നു.
ഉയിർപ്പു സമയത്തുണ്ടായ ഭൂകമ്പത്തെ സൂചിപ്പിക്കുന്നു. (മത്ത. 28:2)

64 പ്രധാന ശുശ്രൂഷക്കാരൻ വിശ്വാസ പ്രമാണം ചൊല്ലുന്ന സമയത്ത് പടിഞ്ഞാറേവാതിലിൽ വരെ ധൂപം വീശുന്നത് എന്തിന്?

വിശ്വാസികളല്ലാത്തവരെ പരിശോധിച്ച് ബഹിഷ്ക്കരിക്കുകയാണ് ഇതിൻെറ ഉദ്ദേശം. ഈ അവസരത്തിൽ കുരിശുവരക്കാത്തവർ വിശ്വാസികളായി ഗണിക്കപ്പെടുന്നില്ല. അതിനാൽ സത്യ വിശ്വാസികളുടെ വിശ്വാസപ്രതിജ്ഞയെ ദൈവ സന്നിധിയിലറിയിക്കയാകുന്നു ശുശ്രൂഷക്കാരൻ മദ്ബഹായുടെ നടയിൽ ചെന്ന് കൈകരം മലർത്തി ധൂപകലശം താങ്ങിപ്പിടിച്ചുകൊണ്ട് നിന്ന് പറയുന്ന 'ബാറെക്മോർ സ്തൗമെൻകാലൊസ്' അർത്ഥമാക്കുന്നത്.

65 'അനിൻ മൊറിയോ' (കർത്താവേ എന്നോടുത്തരമരുളി ചെയ്യണമെ) എന്നു മൂന്നുപ്രാവശ്യം പട്ടക്കാരൻ ചൊല്ലുന്ന പ്രാർത്ഥനയുടെ സൂചനയെന്ത്?

ആകാശത്തിൽനിന്നും അഗ്നി ഇറങ്ങി ബലിസാധനം ദഹിപ്പിക്കുന്നതിനായി ഏലിയാ ദീർഘദർശി ദൈവത്തോടു പ്രാർത്ഥിച്ചതിനെ സൂചിപ്പിക്കുന്നു.

66 തിരുശരീരവും തിരുരക്തവും ഉയർത്തി ആഘോഷിക്കുമ്പോൾ നാം എന്ത് ഓർക്കുന്നു?
കർത്താവിൻെറ സ്വർഗ്ഗാരോഹണം

MALANKARA LIBRARY

www.malankaralibrary.com

67 ദിവ്യരഹസ്യങ്ങൾ പടിഞ്ഞാറോട്ട് എഴുന്നെള്ളിക്കുന്നതിന്റെ കാരണം?

തിരുശരീരവും തിരുരക്തവും വഹിച്ചുകൊണ്ട് പടിഞ്ഞാറോട്ട് നടത്തുന്ന പ്രദക്ഷിണം കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ പ്രതീകമാണ്. 'കർത്താവിന്റെ മരണം അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുന്ന ( 1 കോരി. 11:26 ) പ്രവൃത്തിയാണല്ലോ നാം കുർബാനയിൽ നിറവേററുക.

68 കുർബാന സമയത്ത് വിശുദ്ധരേയും മരിച്ചുപോയവരേയും അനുസ്മരിക്കുന്നതിന്റെ പ്രസക്തി?

തിരുശരീരവും തിരുരക്തവും ഉയർത്തിയാഘോഷിച്ചശേഷം, പിതാവിനോടും പുത്രനോടും, പരിശുദ്ധാത്മാവിനോടുമുള്ള നമ്മുടെ സംസർഗ്ഗം നാം ഏററുപറയുന്നു. കുർബാനാനുഭവം വഴി കർത്താവിനോടുള്ള സംസർഗ്ഗത്തിലേക്കു വരുമ്പോൾ, കർത്താവിനോടൊത്ത് മഹിമയിൽ ജീവിക്കുന്ന വിശുദ്ധരോടും വിശ്വാസികളായമരിച്ചുപോയവരോടുള്ള സംസർഗ്ഗത്തിലേക്കാണ് നാം വരുന്നത്. അവരോടൊത്ത് നാമും സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരണമെന്നാണ് നാം പ്രാർത്ഥിക്കുക.

69 ദിവ്യരഹസ്യങ്ങൾ സ്വീകരിക്കുന്നതിന് മുമ്പ് എന്തിനാണ് ഉപവസിക്കുന്നത്?

''ഭക്ഷണത്തോടുള്ള അത്യാർത്തി നിമിത്തം നാം ജീവവൃക്ഷത്തിൽ നിന്നകന്നുപോയി. ഉപവാസനം വഴി ഭോജനപ്രിയത്തെ നാം ജയിക്കുന്നു.

www.malankaralibrary.com

അതുകൊണ്ട് ഉപവാസത്തോടുകൂടി ജീവഫലം, അതായത് മിശിഹായുടെ ശരീരം സ്വീകരിക്കുന്നു'' (ബർസലീബി)

70 വി. കുർബാനയിലെ 'ഹൂസോയോ' പ്രാർത്ഥനയുടെ ഉദ്ദേശം എന്ത്?

പ്രുമിയോനും സെദറായ്ക്കും ഇടയ്ക്ക് കാർമ്മികൻ തൻെറ സ്വന്തം പാപങ്ങൾക്കു വേണ്ടിയും, തൻെറ ജനത്തിൽ ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരുമായ എല്ലാവരുടെയും കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും വേണ്ടി യാചിക്കുന്ന പ്രാർത്ഥനയാണിത്. വി. കുർബാനയിലേക്ക് അടുത്തുവരുവാൻ നമ്മെ യോഗ്യരാക്കണമെന്ന് നാം പ്രാർത്ഥിക്കുന്നു.

71 വി. കുർബാന ആർക്കാണ് അർപ്പിക്കപ്പെടുക?

വി. കുർബാന ക്രിസ്തുവിനാണ് അർപ്പിക്കപ്പെടുന്നത്. 'ദൈവമേ, നീ കുർബാനയാകുന്നു. ഈ കുർബാന നിനക്കർപ്പിക്കപ്പെടുന്നു.....' (കാഴ്ചവയ്പ്പ്); 'യേശുക്രിസ്തോ, ഇത്തിരുബലി നീ കൈക്കൊള്ളണമെ....' (ഹൂത്തോമോ).

72 വി. കുർബാന കുർബാനയെക്കുറിച്ചു തന്നെ എന്തുപറയുന്നു?

'ഈ കുർബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും, സ്തോത്രവുമാകുന്നു' ( കുർബാന ക്രമം)

73 ഒരു കുക്കിലിയോൻെറ ഘടകങ്ങൾ ഏതെല്ലാം?

സങ്കീർത്തനവാക്യങ്ങൾ

എക്ബോ

MALANKARA LIBRARY

www.malankaralibrary.com

കോലോ

ഹൂത്തോമോ

74 വി. കുർബാന സ്വീകരണത്തിനു മുമ്പുള്ള പ്രാർത്ഥന.

'എൻെറ കർത്താവേ, വിശുദ്ധിയോടുകൂടെ നിന്നെ കൈക്കൊള്ളുവാൻ എന്നെ യോഗ്യനാക്കണമെ. നിൻെറ പരിശുദ്ധ ശരീരം ഭക്ഷിക്കുന്നതു നിമിത്തം എൻെറ ദുരാശകരം നീങ്ങിപ്പോകണമെ. നിൻെറ ജീവപ്രദമായ രക്തം പാനം ചെയ്യുന്നതിനാൽ എൻെറ ദുർവ്വികാരങ്ങരം ഇല്ലാതാകണമെ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നീ നിമിത്തം കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും എന്നേക്കും ഞാൻ യോഗ്യനായിത്തീരുകയും ചെയ്യണമെ'. ആമ്മീൻ.

## c) രോഗികളുടെ തൈലാഭിഷേകം

7ɹ രോഗികളുടെ തൈലാഭിഷേക ശുശ്രൂഷയുടെ വി. ഗ്രന്ഥാടിസ്ഥാനം ഏത്?

യാക്കോബ് 5:13_16

മർക്കോ. 6:13

76 'കന്തീല' ശുശ്രൂഷ എന്നാലെന്ത്?

വൈദികർക്കും മെത്രാന്മാർക്കുമുള്ള ആഘോഷപൂർവ്വകമായ രോഗീലേപനം 'കന്തീലാ ശുശ്രൂഷ' എന്നു അറിയപ്പെടുന്നു.

77 കന്തീല എന്ന വാക്കിൻെറ അർത്ഥം?

തിരി (Candle) എന്നാണർത്ഥം.

78 തിരി എന്ന് ഇതിന് പേരിടാൻ കാരണം?

ഒരു സ്ഫടിക പാത്രത്തിൽ കുഴച്ച മാവുകൊണ്ട് വൃത്താകൃതിയിൽ ഒരു പാത്രംപോലെ കുഴി ഉണ്ടാ

MALANKARA LIBRARY

www.malankaralibrary.com

ക്കി അതിൽ സൈത്ത് എണ്ണ ഒഴിക്കുന്നു. അതിൽ കിഴക്കും പടിഞ്ഞാറും വടക്കും തെക്കും മദ്ധ്യത്തിലും പഞ്ഞികൊണ്ടുള്ള തിരികൾ നാട്ടിവയ്ക്കുന്നു. അഞ്ചു ശുശ്രൂഷകളുള്ള ഈ ക്രമത്തിൽ ഓരോ ശുശ്രൂഷയും തുടങ്ങുമ്പോൾ കിഴക്ക്, മദ്ധ്യം, പടിഞ്ഞാറ്, വടക്ക്, തെക്ക് എന്നീ ക്രമത്തിൽ തിരികൾ കത്തിക്കുന്നു.

## b) തിരുപ്പട്ടം

79 മലങ്കര സഭയിലെ പൗരോഹിത്യ പദവികൾ?

a. മ്സമ്രോനോ = പാട്ടുകാരൻ
b. കോറൂയോ = വായനക്കാരൻ
c. ഹെവ്പ്പദ്യാഖ്നോ = സബ് ഡീക്കൻ
d. മ്ശംശോനോ = ഡീക്കൻ – ശെമ്മാശൻ
e. കശ്ശീശോ = പുരോഹിതൻ
f. എപ്പിസ്ക്കോപ്പോ = മെത്രാൻ

80 'കോറെപ്പിസ്ക്കോപ്പോ' പദവി എന്തിനെ സൂചിപ്പിക്കുന്നു?

ഒരു രൂപതാ മെത്രാന്റെ കീഴിൽ അദ്ദേഹത്തിന്റെ രൂപതയിലെ ഏതെങ്കിലും പ്രവിശ്യയുടെ മേൽനോട്ടം വഹിക്കുന്നയാളാണ് കോറെപ്പിസ്ക്കോപ്പാ. സാധാരണരീതിയിൽ വിവാഹിതനായ ഇടവക വൈദികനാണ് ഈ പദവി നൽകപ്പെടുക.

81 'റമ്പാൻ' ആരാണ്?

റമ്പാൻ ഒരു ദയറായുടെ അദ്ധ്യക്ഷനാണ്. അദ്ദേഹം അവിവാഹിതനായ ഒരു സന്യാസിയായിരിക്കണം.

MALANKARA LIBRARY

www.malankaralibrary.com

82 മലങ്കര ആരാധനക്രമപ്രകാരം പട്ടത്വവരങ്ങൾ ഏവ?
ആദ്യ പാപംമൂലം നഷ്ടപ്പെട്ടുപോയ ദൈവസാദൃശ്യത്തിലേക്ക് മനുഷ്യനെ തിരികെ കൊണ്ടുവന്ന്, ദൈവതേജസിൽ സംബന്ധിപ്പിക്കേണ്ടതിന് മൂന്നു വരങ്ങളാണ് പുരോഹിത സ്ഥാനത്തിന് നൽകപ്പെട്ടിരിക്കുന്നത്.

1. വെടിപ്പാക്കുക
2. പ്രകാശിപ്പിക്കുക
3. പൂർണ്ണമാക്കുക.

83 മലങ്കരക്രമത്തിലെ 'പട്ടംകൊട' ശുശ്രൂഷയുടെ ശ്രദ്ധേയമായ രണ്ടു വിശേഷണങ്ങൾ എടുത്തു പറയുക?

a. പട്ടം സ്വീകരിക്കുന്ന ശെമ്മാശനെ മേല്പട്ടക്കാരൻ കാപ്പയ്ക്കുള്ളിൽ മറച്ചുകൊണ്ടാണ് 'കൈവയ്പ്' നടത്തുക.

b. മേല്പട്ടക്കാരൻ കാസായിലും പീലാസായിലുമുള്ള ദിവ്യരഹസ്യങ്ങളുടെമേൽ കൈ ആവസിപ്പിച്ചുകൊണ്ട്, പരി. കുർബാനയിൽനിന്ന് പരിശുദ്ധാത്മ ശക്തി പകർന്നെടുക്കുകയും അതിനെ ഒരു സുഗന്ധതൈലമെന്നോണം സ്ഥാനാർത്ഥിയുടെ ശിരസിലും കഴുത്തിലും, തോളുകളിലും തിരുമ്മിയിറക്കുകയും ചെയ്യുന്നു.

## g) വിവാഹം

84 മലങ്കരസഭയിലെ വിവാഹ കൂദാശയ്ക്ക് എത്ര ശുശ്രൂഷകൾ ഉണ്ട്? ഏവ?

രണ്ട് = a. മോതിരം വാഴ്ത്തലിൻെറ ശുശ്രൂഷ
b. കിരീടം വാഴ്വിൻെറ ശുശ്രൂഷ.

MALANKARA LIBRARY

www.malankaralibrary.com

85 ബൈബിളിൽ ഏതു ഗ്രന്ഥത്തിലെ സാദൃശ്യങ്ങളാണ് കൂടുതലായും വിവാഹകൂദാശയിൽ ഉപയോഗിക്കുക? എന്തുകൊണ്ട്?

ഉത്തമഗീതത്തിലെ.

ഇസ്രായേലും ദൈവവുമായുള്ള ഉടമ്പടിയെ വിവാഹബന്ധവുമായിട്ടാണ് താരതമ്യം ചെയ്യുക. ഉത്തമഗീതത്തിലെ പ്രേമബദ്ധരായ പുരുഷനും സ്ത്രീയും, ക്രിസ്തുവും മണവാട്ടിയായ സഭയുമായിട്ടാണ് ആദിമകാലം മുതൽ ക്രൈസ്തവർ വ്യാഖ്യാനിച്ചിട്ടുള്ളത്.

86 മണവാളനും മണവാട്ടിയും ദൈവാലയത്തിൽ നിൽക്കുന്നത് എങ്ങനെ?

മണവാളന്റെ വലത്തുഭാഗത്തായി മണവാട്ടി.

തോഴൻ മണവാളന്റെ ഇടത്തും തോഴി മണവാട്ടിയുടെ വലത്തും നിൽക്കുന്നു.

87 വിവാഹ കൂദാശയിലെ കിരീടം വാഴ്വിന്റെ അർത്ഥമെന്ത്!

മിശിഹായെന്ന രാജാവും സഭയെന്ന രാജ്ഞിയും തമ്മിലുള്ള വിവാഹമാണ് ക്രിസ്തീയ വിവാഹത്തിന്റെ അടിസ്ഥാനം. അവരുടെ സ്ഥാനത്താണ് മണവാളനും മണവാട്ടിയും കിരീടം അണിയിക്കപ്പെടുക. അവർ സഭയിൽ ഭാര്യാഭർത്താക്കന്മാരായി ജീവിക്കുവാൻ തക്കവണ്ണം അവകാശങ്ങളും അധികാരങ്ങളും നൽകിയനുഗ്രഹിക്കുന്ന ഒരു വിശുദ്ധ കർമ്മമാണിത്.

MALANKARA LIBRARY

www.malankaralibrary.com

88 വിവാഹ കൂദാശയിൽ ആശീർവ്വദിക്കപ്പെട്ട് മണവാട്ടിയുടെകഴുത്തിൽ കെട്ടുന്ന 'മിന്നിൽ' എന്താണ് മുദ്രണം ചെയ്തിരിക്കുന്നത്?

ഏഴ് ചെറിയ മൊട്ടുകൾ കൊണ്ടുണ്ടാക്കിയിരിക്കുന്ന സ്ളീബായുടെ ചിഹ്നം.

89 മന്ത്രകോടി എന്തിന്റെ പ്രതീകമാണ്?

വിനയം, ബഹുമാനം, പതിഭക്തി എന്നിവയുടെ പ്രതീകമാണ്. മന്ത്രം അഥവാ പ്രാർത്ഥന ജപിച്ചുകൊണ്ട് കൊടുക്കുന്നതുകൊണ്ട് മന്ത്രകോടി എന്നു വിളിക്കുന്നു.

90 മലങ്കരക്രമമനുസരിച്ച്, വരനും വധുവും വിവാഹത്തിന്റെ 'കാർമ്മികർ' ആണെന്ന് പറയുന്നത് ശരിയോ?

ശരിയല്ല. ദൈവമാണ് അവരെ സംയോജിപ്പിക്കുന്നത്. ക്രിസ്തുവാണ് അവരുടെ 'ദാമ്പത്യത്തിന്റെ മദ്ധ്യസ്ഥൻ'. അതിനാൽ വരനും വധുവും വിവാഹകൂദാശയുടെ സ്വീകർത്താക്കൾ മാത്രമാണ്. പുരോഹിതനാണ് അവരെ മോതിരം വാഴ്ത്തി അണിയിക്കുന്നതും കിരീടം ധരിപ്പിക്കുന്നതും മിന്നും മന്ത്രകോടിയും വാഴ്ത്തിക്കൊടുക്കുന്നതും.

91 മലങ്കര വിവാഹ ശുശ്രൂഷയിൽ സ്വീകരിക്കപ്പെട്ട രണ്ട് ഭാരതീയാചാരങ്ങൾ?

a. മിന്ന് (താലി) കെട്ടുന്നത്.

b. മന്ത്രകോടി (പുടവ) കൊടുക്കുന്നത്.

MALANKARA LIBRARY

www.malankaralibrary.com

92 പുനർ വിവാഹ ശുശ്രൂഷയുടെ പ്രത്യേകത എന്ത്?

പുനർവിവാഹത്തിൽ ഏർപ്പെടുന്ന രണ്ടുപേരും ആദ്യം വിവാഹം കഴിഞ്ഞവരാണെങ്കിൽ മാത്രമേ പുനർവിവാഹത്തിന്റെ ക്രമം നടത്തുകയുള്ളു. പുരുഷനോ സ്ത്രീയോ ആരെങ്കിലും ഒരാൾ ആദ്യം വിവാഹം കഴിയാത്തവരാണെങ്കിൽ വിവാഹ കൂദാശ പൂർണ്ണമായി നടത്തണം. ആദ്യവിവാഹം നടന്നയാളിന് മോതിരം ഇടീലോ, കിരീട വാഴ്വോ നടത്തുകയില്ല.

പുനർവിവാഹ ശുശ്രൂഷയിലെ പ്രാർത്ഥനകൾ എല്ലാം അനുതാപത്തിന്റേതാണ്.

## ശവസംസ്ക്കാരം

93 'കൊഹനീത്ത' എന്നു പറഞ്ഞാൽ എന്ത്?

(പൂർണ്ണ) ശെമ്മാശന്മാർ, പട്ടക്കാർ, മേല്പട്ടക്കാർ എന്നിവരുടെ ശവസംസ്ക്കാരക്രമം, 'കൊഹനീത്താ' എന്ന പേരിൽ അറിയപ്പെടുന്നു.

94 പുരോഹിത സ്ഥാനക്രമം അനുസരിച്ച് ശുശ്രൂഷകൾക്ക് വ്യത്യാസമുണ്ടോ?

ഉണ്ട്. ശെമ്മാശന്മാർക്ക് 'കൊഹനീത്താ'യുടെ ആദ്യത്തെ 3 ശുശ്രൂഷകളും; വൈദികർക്ക് അഞ്ച് ശുശ്രൂഷകളും; മേല്പട്ടക്കാർക്ക് എട്ടു ശുശ്രൂഷകളുമാണ് നടത്തുക.

പട്ടക്കാർക്കും മേല്പട്ടക്കാർക്കും 'നഗരികാണിക്കൽ' നടത്താറുണ്ട്. വൈദികരെ കിടത്തിയും, മേല്പട്ടക്കാരെ സിംഹാസനത്തിൽ ഇരുത്തിയുമാണ് അടക്കം ചെയ്യുക.

MALANKARA LIBRARY

www.malankaralibrary.com

## IV. ശവസംസ്കാരം

95 മലങ്കര സഭയിൽ നിലവിലിരിക്കുന്ന ശവസംസ്കാരക്രമങ്ങൾ എത്ര? ഏവ?

അഞ്ച്
a. പുരുഷൻമാരുടെ
b. സ്ത്രീകളുടെ
c. കുട്ടികളുടെ
d. പട്ടക്കാരുടെ
e. സന്ന്യാസിനികളുടെ

(a, b, c: നാലു ശുശ്രൂഷ കൾ വീതം)

96 എന്തിനാണ് മൃതശരീരത്തിൽ എണ്ണയൊഴിക്കുന്നത്?

വായുമണ്ഡലത്തിൽ പതിയിരുന്ന് മനുഷ്യാത്മാക്കളെ ആക്രമിക്കുന്ന സൈന്യങ്ങളാൽ പിടിക്കപ്പെടാതിരിക്കാൻ.

97 ഈ കർമ്മത്തിന്റെ മററു ലക്ഷ്യങ്ങൾ ഏവ? അദ്ധ്വാനങ്ങളിൽ നിന്നുള്ള വിശ്രമത്തിനും, പോരാട്ടങ്ങളിൽനിന്നുള്ള വിമുക്തിയ്ക്കും, വിശുദ്ധൻമാരോടുകൂടെയുള്ള സൗഭാഗ്യത്തിനുമായിട്ടാണ് മൃതശരീരത്തിൽ എണ്ണയൊഴിക്കുന്നത്.

98 മൃതദേഹം കുഴിയിൽ വയ്ക്കുമ്പോൾ ചൊല്ലുന്ന സങ്കീർത്തനം?

സങ്കീ. 122 : "കർത്താവിന്റെ ഭവനത്തിലേക്ക് ഞങ്ങൾ പോകുന്നു എന്നവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു ...".

99 എന്തുകൊണ്ടാണ് കബറടക്കസമയത്ത് 122-ാം സങ്കീർത്തനം ചൊല്ലുന്നത്?

122-ാം സങ്കീർത്തനം ഒരു തീർത്ഥാടക കീർത്തനമാണ്. സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യ

www.malankaralibrary.com

മാക്കി നടന്ന ക്രിസ്ത്യാനി, ഇപ്പോഠ തന്റെ ജീവിത ലക്ഷ്യം പ്രാപിച്ചിരിക്കുന്നുവെന്നതിന്റെ സൂചനയാണിത്. "ജെറുസലേമെ, ഇതാ ഞങ്ങൾ നിന്റെ കവാടത്തിനുള്ളിൽ എത്തിയിരിക്കുന്നു" (സങ്കീ. 122:2).

100 എന്തുകൊണ്ടാണ് 'ശവസംസ്ക്കാര ശുശ്രൂഷ' മാലാഖമാരുടെ സ്തുതിപ്പിൽ അവസാനിക്കുന്നത്?

കബറടക്കപ്പെട്ട വിശ്വാസി ഇപ്പോഠ മാലാഖമാരുടെ വൃന്ദങ്ങളോട് ചേർന്ന്, വിജയശ്രീലാളിതനായി ദൈവത്തിന് നിത്യസ്തോത്രം പാടുന്നതിന്റെ സൂചനയാണിത്. അതിനാൽ ദുഃഖത്തിന്റെ അന്തരീക്ഷത്തിലല്ല, സന്തോഷത്തിന്റെ ആർപ്പുവിളികളോടെയാണ് ഒരു ക്രിസ്ത്യാനിയുടെ ശവസംസ്ക്കാരം സമാപിക്കുക.

101 എന്തുകൊണ്ടാണ് മരിച്ചയാളെ കിഴക്കോട്ടഭിമുഖമായി കിടത്തുന്നത്?

നമ്മുടെ കർത്താവ് രണ്ടാമത്തെ വരവിൽ കിഴക്കുനിന്ന് പ്രത്യക്ഷപ്പെടുമെന്ന് വിശ്വസിക്കുന്നതിനാൽ, ആ വരവിനായി പ്രതീക്ഷിച്ചുകൊണ്ട് മരിച്ചവർ വിശ്രമിക്കുന്നു എന്ന് സൂചിപ്പിക്കാനാണ്.

102 ശവസംസ്ക്കാരം കഴിഞ്ഞ് ഏതൊക്കെ ദിവസങ്ങളിലാണ് മരിച്ചവർക്കുവേണ്ടിയുള്ള ധൂപപ്രാർത്ഥന സാധാരണയായി നടത്തുക?

മൂന്നാം – ഒമ്പതാം – മുപ്പതാം – നാല്പതാം – ദിവസങ്ങളിൽ.

പിന്നെ എല്ലാ ചരമ വാർഷികത്തിലും.

MALANKARA LIBRARY

www.malankaralibrary.com

## V. വീടുകൂദാശ

103 ആരാധനാക്രമ വർഷത്തിൽ വീടുകൂദാശ നടത്തുന്ന കാലം?

ഉയിർപ്പുമുതൽ പെന്തിക്കോസ്തിവരെയുള്ള കാലം.

104 എന്തിനാണ് വീടുകൂദാശ നടത്തുന്നത്?
ഉയിർപ്പു കാലത്തിൽ, ഉത്ഥിതനായ മിശിഹായുടെ സജീവ സാന്നിദ്ധ്യത്തിന് കുടുബാംഗങ്ങൾ തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നതിനും, ക്രിസ്തുവിൽ പുതുസൃഷ്ടികളെന്ന നിലയിൽ നവീകരിക്കപ്പെട്ട ജീവിതം നയിക്കുന്നതിനും.

## VI. ആരാധനാവത്സരം

105 ആരാധനാക്രമവത്സരം എന്നാലെന്ത്?

ഒരു വർഷത്തെ വിവിധ കാലഘട്ടങ്ങളായി തിരിച്ച്, ഓരോ കാലഘട്ടത്തിലും യേശുവിന്റെ രക്ഷാകര സംഭവങ്ങളെ ക്രമമായി ഓർക്കാനും, ധ്യാനിച്ച് ജീവിതത്തിൽ പകർത്താനും ഉതകുംവിധത്തിലുള്ള അതിന്റെ സംവിധാനത്തെയാണ് ആരാധനാക്രമവത്സരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

106 ആരാധനാക്രമവത്സരത്തെ എത്രയായി തിരിച്ചിരിക്കുന്നു? അവ ഏതെല്ലാം?

ഏഴ് :

1. സുബോറൊക്കാലം — കൂദോശ് ഈത്തോ മുതൽയൽദോവരെ.

www.malankaralibrary.com

2. യൽദോ_ദനഹാ_ക്കാലം — യൽദോമുതൽകൊത്നേ വരെ

3. വലിയനോമ്പുകാലം — കൊത്നേ മുതൽ ക്യംതാ വരെ

4. ക്യംതാക്കാലം — ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെ

5. പെന്തക്കോസ്തി ശ്ലീഹാക്കാലം — പെന്തക്കോസ്തി മുതൽ തേജസ്കരണം വരെ

6. തേജസ്ക്കരണ കാലം — ആഗസ്റ്റ് 6 മുതൽ സെപ്തംബർ 13 വരെ

7. സ്ലീബാക്കാലം — സ്ലീബാപ്പെരുനാൾ മുതൽ കൂദോശ് ഈത്തോവരെ

107 സുബോറൊക്കാലത്തിൽ എത്ര ആഴ്ചകളുണ്ട്?

ഏഴ്

108 ആദ്യത്തെ രണ്ട് ആഴ്ചകൾ ഏതുപേരിലറിയപ്പെടുന്നു?

കൂദോശ് ഈത്തോ; ഹൂദോസ് ഈത്തോ

109 ഈ പദങ്ങളുടെ അർത്ഥമെന്ത്?

സഭയുടെ വിശുദ്ധീകരണം; സഭയുടെ നവീകരണം.

110 സുബോറൊക്കാലത്തിലെ ബാക്കി അഞ്ച് ആഴ്ചകൾ ഏതുപേരിലറിയപ്പെടുന്നു?

അറിയിപ്പിൻെറ ആഴ്ചകൾ.

MALANKARA LIBRARY

www.malankaralibrary.com

111 അറിയിപ്പിന്റെ ആഴ്ചകളെന്നു പേരുവരാൻ കാരണം?

രക്ഷകനെപ്പറ്റിയുള്ള സന്ദേശങ്ങളാണ് (അറിയിപ്പുകളാണ്).

— സഖറിയായോടുള്ള അറിയിപ്പ്
— ദൈവമാതാവിനോടുള്ള വചനിപ്പ്
— കന്യകമറിയം ഏലിശുബായെ സന്ദർശിച്ചത്
— മാർ യോഹന്നാൻ സ്നാപകന്റെ ജനനം
— മാർ യൗസേഫിനുണ്ടായ ദർശനം

112 യൽദോ_ദനഹാക്കാലം എന്നുമുതൽ എന്നു വരെ?
ക്രിസ്തുമസിന് ഒരാഴ്ച മുൻപുമുതൽ വലിയ നോമ്പ് തുടങ്ങുന്നതുവരെ.

113 ദനഹാ എന്ന വാക്കിന്റെ അർത്ഥമെന്താണ്?
ഉദയം, പ്രത്യക്ഷീകരണം.

114 യേശുവിന്റെ മഹത്വം മൂന്നുപ്രാവശ്യം വെളിപ്പെട്ടതായി ബൈബിൾ സാക്ഷിക്കുന്നു. എപ്പോഴെല്ലാം?

a. വിജാതിയർക്ക് (മൂന്നു ജ്ഞാനികൾക്ക്) : മത്താ. 2:1.

b. യഹൂദർക്ക് (മാമോദീസായുടെ സമയത്ത് സ്വർഗ്ഗത്തിൽ നിന്നുള്ള വെളിപ്പെടുത്തൽ) മർക്കോ. 1:11.

c. യേശുവിന്റെ സ്വന്തക്കാർക്കും ശിഷ്യർക്കും (കാനായിലെ വിവാഹവിരുന്ന്) യോഹ. 2: 1_11.

MALANKARA LIBRARY

www.malankaralibrary.com

115 മേൽപറഞ്ഞിരിക്കുന്ന വെളിപ്പെടുത്തലുകളിൽ ഏതാണ്‌ മലങ്കരസഭ ദനഹാശുശ്രൂഷയിൽ ധ്യാനവിഷയമാക്കിയിരിക്കുന്നത്‌?

യേശുവിൻെറ മാമോദീസായും, ആ സമയത്ത്‌ സ്വർഗ്ഗപിതാവിൽനിന്നും സ്നാപകയോഹന്നാനിൽനിന്നും യേശുവിന്‌ ലഭിച്ച സാക്ഷ്യവുമാണ്‌.

116 വലിയനോമ്പിലെ ഞായറാഴ്ചകൾ?

1. കൊത്‌നോ — കാനായിൽ വെള്ളം വീഞ്ഞാക്കിയത്‌
2. ഗർബോ — കുഷ്ഠരോഗിയെ സുഖപ്പെടുത്തിയത്‌
3. മ്ശറിയോ — തളർവാതരോഗിയെ സുഖപ്പെടുത്തിയത്‌
4. ക്നാനൊയ്‌ത്തോ — ക്നാനായക്കാരിയുടെ മകളെ സുഖപ്പെടുത്തിയത്‌
5. ക്പിപ്തോ — കൂനിയായ സ്ത്രീയെ സുഖപ്പെടുത്തിയത്‌
6. സമിയോ — കുരുടനുകാഴ്ചനൽകിയത്‌
7. ഊശാന — ഊശാന ഞായർ

117 ക്യംതാക്കാലം എന്നു മുതൽ എന്നു വരെ?

ഉയിർപ്പുഞായർ മുതൽ പെന്തിക്കോസ്തി വരെ.

118 ഉയിർപ്പു കഴിഞ്ഞുവരുന്ന ആഴ്ചയ്ക്കുള്ള പേര്‌?

ഹേവോറെ

119 ഹേവോറെ എന്ന വാക്കിൻെറ അർത്ഥം?

വെള്ള.

MALANKARA LIBRARY

www.malankaralibrary.com

120 ഹേവോറെ ആഴ്ചയുടെ പ്രത്യേകത എന്ത്?

കൃംതാപെരുനാളിൽ മാമോദീസാ സ്വീകരിച്ചവർ ഈ ആഴ്ചയിൽ തൂവെള്ളവസ്ത്രം ധരിച്ചിരുന്നു.

121 പെന്തിക്കോസ്തിക്കാലം എന്നുമുതൽ എന്നുവരെ?

പെന്തിക്കോസ്തി മുതൽ ആഗസ്റ്റ് 5 വരെ.

122 ഈ കാലത്തിൽ വരുന്ന പ്രധാനപ്പെട്ട തിരുനാളുകൾ?

ശ്ലീഹാനോമ്പ്

പത്രോസ് പൗലോസ് ശ്ലീഹന്മാർ,

മാർത്തോമ്മാശ്ലീഹായുടെ ദുക്റോനൊ.

123 തേജസ്ക്കരണകാലം എന്നു മുതൽ എന്നു വരെ?

കർത്താവിൻെറ മറുരൂപതിരുനാൾ മുതൽ സെപ്തംബർ 13 വരെ.

124 ഈ കാലത്തെ തിരുനാളുകൾ?

കർത്താവിൻെറ മറുരൂപ തിരുനാൾ (Aug. 6)

മാതാവിൻെറ സ്വർഗ്ഗാരോപണം (Aug. 15)

മാതാവിൻെറ ജനനം (Sept, 8)

125 സ്ലീബാക്കാലം എന്നുമുതൽ എന്നുവരെ?

സ്ലീബാപ്പെരുന്നാൾ മുതൽ കൂദോശ് ഈത്തോ വരെ.

126 സ്ലീബാപെരുന്നാൾ എന്നാണ് ആഘോഷിക്കുന്നത്?

സെപ്തംബർ 14

127 സ്ലീബാപെരുന്നാൾ എന്തിൻെറ ഓർമ്മയാണ്?

ഹെലേനാ രാജ്ഞി നമ്മുടെ കർത്താവിൻെറ കുരിശു കണ്ടെത്തി ജെറുസലേമിൽ ഒരു ദൈവാലയത്തിൽ പ്രതിഷ്ഠിച്ചതിൻെറ ഓർമ്മ.

MALANKARA LIBRARY

www.malankaralibrary.com

128 ഒരാഴ്ചയിലെ ദിവസങ്ങൾക്കു സഭ നല്കിയിരിക്കുന്ന പ്രത്യേകത?

ഞായർ — കർത്താവിന്റെ ഉയിർത്തെഴുന്നേല്പ്പ്
തിങ്കൾ, ചൊവ്വാ — അനുതാപം
ബുധൻ — പ. ദൈവമാതാവ്
വ്യാഴം — പ. ശ്ലീഹന്മാരും മല്പാന്മാരും
വെള്ളി — സ്ലീബായും, പ. സഹദേന്മാരും
ശനി — ആചാര്യന്മാരും, സകല മരിച്ചവരും

## VII. യാമപ്രാർത്ഥനകൾ

129 യാമപ്രാർത്ഥനകൾ ക്രിസ്തുവിന്റെ പെസഹാ രഹസ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു? എങ്ങനെ?

**സന്ധ്യാ :** യേശു പീഡാനുഭവത്തിനു മുമ്പായി ശിഷ്യന്മാരോടൊന്നിച്ച് സന്ധ്യാസമയം സെഹിയോൻ മാളികയിൽവച്ച് പെസഹാ ഭക്ഷിച്ചു. അന്ത്യഅത്താഴത്തിൽ തിരുശരീരവും തിരുരക്തവും ദൃഷ്ടാന്ത രൂപേണ ശ്ലീഹൻമാർക്ക് വിഭജിച്ചു കൊടുത്തതിനെയും അനുസ്മരിക്കുന്നു.

**സൂത്താറാ :** ഗത്സമെൻ തോട്ടത്തിൽവച്ചുള്ള കർത്താവിന്റെ മാനസിക പീഡ പ്രത്യേകമായി അനുസ്മരിക്കുന്നു.

**രാത്രി :** അന്നാസ്, കയ്യാപ്പാസ്, ഹേറോദേസ് എന്നിവരുടെ മുമ്പാകെ യേശു വിസ്തരിക്കപ്പെടുന്നു.

MALANKARA LIBRARY

www.malankaralibrary.com

പ്രഭാതം : പീലാത്തോസ് യേശുവിനെ മരണത്തിന് വിധിക്കുന്നു.

മൂന്നാംമണി : യേശു തൻെറ കൊലമരമായ കുരിശ് ഏററുവാങ്ങി ഗാഗുൽത്തായിലേക്കു പോകുന്നു.

ആറാംമണി : യേശുകുരിശിൽത്തറയ്ക്കപ്പെടുന്നു.

ഒൻപതാംമണി : യേശു കുരിശിൽ ജീവൻ വെടിഞ്ഞു. ശാബതം ആരംഭിക്കുന്ന സന്ധ്യയ്ക്കുമുമ്പ് യൗസേപ്പും നിക്കോദിമൂസും ചേർന്ന് യേശുവിൻെറ ശരീരം ഏററുവാങ്ങി യഹൂദാചാരപ്രകാരം സംസ്ക്കരിക്കുന്നു.

ഇപ്രകാരം ഒരു ദിനചക്രം പൂർത്തിയാകുന്നു.

130 രാത്രിയാമത്തെ നാലായി തിരിച്ചു ആകെ പത്തു യാമങ്ങരം ഉള്ളതായി കരുതുന്നു. ഇവ എന്തിനെ സൂചിപ്പിക്കുന്നു?

ഒരു മനുഷ്യൻെറ ബാഹ്യമായ അഞ്ച് ഇന്ദ്രിയങ്ങളുടേയും ആന്തരികമായ അഞ്ച് ഇന്ദ്രിയങ്ങളുടേയും ശുദ്ധീകരണത്തിനുള്ളതായി സൂചിപ്പിക്കുന്നു.

131 അനുതാപത്തിൻെറ മസുമൂറാകരം ഏവ?

6; 32; 38;51; 102: 129; 142.

132 നമ്മുടെ ആരാധനക്രമത്തിലെ ബോവൂസാകരം ഏതെല്ലാം സഭാപിതാക്കന്മാരുടെ പേരിലാണ് അറിയപ്പെടുക?

മാർ യാക്കോബ്

മാർ അപ്രേം

മാർ ബാലായി

MALANKARA LIBRARY

www.malankaralibrary.com

133 'കൃപനിറഞ്ഞ മറിയമേ' എന്നുള്ള പ്രാർത്ഥന ബൈബിളധിഷ്ഠിതമോ?

'കൃപനിറഞ്ഞ മറിയമേ! നിനക്കു സമാധാനം. നമ്മുടെ കർത്താവ് നിന്നോടുകൂടെ' എന്നത് ഗബ്രിയേൽ മാലാഖ പ. മറിയാമിനോടു പറഞ്ഞതും (ലൂക്ക. 1:28) 'നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവരും നിൻെറ ഉദരഫലവും അനുഗ്രഹിക്കപ്പെട്ടത്' എന്നുള്ളത് ഏലിശുബാ പുണ്യവതി പരി. മറിയാമിനോടു പറഞ്ഞതുമാണ് (ലൂക്ക. 1: 42). ബാക്കിഭാഗം വി. സഭ പ. മറിയാമിനോട് പ്രാർത്ഥിക്കുന്നതാണ്.

134 എല്ലാദിവസവും ഒരു യാമത്തിലെ പ്രാർത്ഥനയുടെ വിഷയം അനുതാപമാണ്. ഏതു യാമത്തിൻെറ?

സൂത്താറായുടെ.

## VIII. നോമ്പുകൾ

135 കല്പിക്കപ്പെട്ടിരിക്കുന്ന നോമ്പുകളും അവയുടെ ഓരോന്നിൻെറയും ധ്യാനവിഷയവും?

1. യൽദോ നോമ്പ് : 25 ദിവസം
   നമ്മുടെ കർത്താവിൻെറ ജനനം
2. നിനുവേ നോമ്പ് : 3 ദിവസം
   അനുതാപചിന്ത
3. വലിയ നോമ്പ് 50 ദിവസം
   നമ്മുടെ കർത്താവിൻെറ ഐഹികജീവിതം

MALANKARA LIBRARY

www.malankaralibrary.com

4. ശ്ളീഹാനോയമ്പ് : 13 ദിവസം
സഭയിൽ ശ്ളീഹന്മാരുടെ പ്രവർത്തനം.

5. ശൂനോയോ നോയമ്പ് : 15 ദിവസം
ദൈവമാതാവിൻെറ സ്വർഗ്ഗാരോപണം

## IX. പെരുന്നാളുകൾ

136 മാറാനായ (നമ്മുടെ കർത്താവിൻെറ) പെരുനാളുകൾ ഏവ?

യൽദോ — ജനനം

ദനഹാ — മാമോദീസാ

മായൽത്തോ — ദൈവാലയ പ്രവേശനം

സൂബോറോ — വചനിപ്പ്

ക്യംതാ — ഉയിർപ്പ്

സൂലോക്കോ — സ്വർഗ്ഗാരോഹണം

കൂടാരപ്പെരുനാൾ

സ്ളീബാപ്പെരുനാൾ

137 മാറാനായ പെരുനാളുകൾ പോലെ ആചരിക്കുവാൻ കടപ്പെട്ടിരിക്കുന്ന മററ് തിരുനാളുകൾ ഏവ?

പത്രോസ് പൗലോസ്ശ്ലീഹന്മാർ — ജൂൺ 29

മാർത്തോമ്മാശ്ലീഹ (ദുക്റാനാ) — ജൂലൈ 3

പരി. മാതാവിൻെറ സ്വർഗ്ഗാരോപണം — ആഗസ്ററ് 15

MALANKARA LIBRARY

www.malankaralibrary.com

138 സ്ളീബാ ആഘോഷം നടത്തുന്ന പെരുനാളുകൾ ഏവ?

ദനഹാ

പാതിനോയമ്പ്

ഊശാന

വലിയവെള്ളിയാഴ്ച

ഉയിർപ്പ്

സ്വർഗ്ഗാരോഹണം

139 പെരുനാളുകളും ഓരോന്നിനും ചേർന്നു പോകുന്ന ശുശ്രൂഷകളും.

| | |
|---|---|
| ജനനപ്പെരുനാൾ | — തീ ഉഴലിച്ച ശുശ്രൂഷ |
| ദനഹാപ്പെരുനാൾ | — വെള്ളം വാഴ്വ് |
| വലിയ നോയമ്പ് | — ശുബുക്കോനോ ശുശ്രൂഷ |
| പാതിനോയമ്പ് | — ഗോഗുൽത്താ സ്ഥാപനം |
| ഓശാന ഞായറാഴ്ച | — കുരുത്തോല വാഴ്വ് |
| വാദെ ദൽമീനൊ | — പത്തുകന്യകമാരുടെ ഉപമയെഅടിസ്ഥാനമാക്കിയുള്ള പ്രദക്ഷിണം |
| പെസഹാവ്യാഴാഴ്ച | — കാൽകഴുകൽ |
| വലിയവെള്ളിയാഴ്ച | — സ്ളീബാ വന്ദനവ് |
| ഉയിർപ്പുപെരുനാൾ | — ഉയിർപ്പിൻെറ രഹസ്യ ശുശ്രൂഷയും സ്ളീബായുടെ ആഘോഷണത്തിൻെറ പരസ്യശുശ്രൂഷയും |
| സ്വർഗ്ഗാരോഹണം | — സ്ളീബാ ആഘോഷം |
| പെന്തിക്കോസ്തി | — മുട്ടുകുത്തൽ ശുശ്രൂഷ |
| സ്ളീബാപെരുനാൾ | — സ്ളീബാ ആഘോഷം |

MALANKARA LIBRARY

www.malankaralibrary.com

140 ലുത്തിനിയാകാം ചേർത്തിരിക്കുന്ന ശുശ്രൂഷ കാം ഏവ?

ദനഹ; ഊശാന; പെന്തിക്കോസ്തി; മൂറോൻകൂദാശ; പള്ളികൂദാശ; ശവസംസ്ക്കാരം.

141 'പെന്തിക്കൊസ്തി' എന്ന വാക്കിൻെറ അർത്ഥം?
50-ാം ദിനം (ഉയിർപ്പുകഴിഞ്ഞ്)

142 പെന്തിക്കൊസ്തി ശുശ്രൂഷയുടെ അപരനാമം?
'മുട്ടുകുത്തലിൻെറ' ശുശ്രൂഷ.

143 സ്വർഗ്ഗാരോഹണത്തിനു ശേഷമുള്ള 10 ദിവസങ്ങാക്കുള്ള പേര്?

പുതുക്കത്തിൻെറ ദിനങ്ങാം

144 'വാദെ ദൽമീനോ' എന്ന വാക്കിൻെറ അർത്ഥം?
തുറമുഖത്ത് എത്തിച്ചേരൽ; തുറമുഖസംപ്രാപ്തി

145 കാൽകഴുകൽ ശുശ്രൂഷ നടത്തുവാൻ മലങ്കരസഭയിൽ ആർക്കാണധികാരം?

മലങ്കരസഭയിൽ മേല്പട്ടക്കാരനു മാത്രമാണ് കാലുകഴുകൽ ശുശ്രൂഷ നടത്തുന്നതിന് അധികാരം

146 കാൽകഴുകൽ ശുശ്രൂഷയുടെ പ്രത്യേകത?

പെസഹാവ്യാഴാഴ്ച മാത്രമാണ് കാലുകഴുകൽ ശുശ്രൂഷ നടത്തുക. പന്ത്രണ്ടു പേരിൽ ഏററം പ്രായം കുറഞ്ഞ ആളുടെ കാലുകളായിരിക്കും ആദ്യം കഴുകുക. ശിഷ്യനായ പത്രോസിൻെറ സ്ഥാനത്തിരിക്കുന്ന ഏററം പ്രായം കൂടിയ ആളുടെ കാലുകളാണ് ഒടുവിൽ കഴുകുക. അവസാനം എല്ലാവരും കൂടി (ക്രിസ്തുവിൻെറ സ്ഥാനത്തിരിക്കുന്ന) മേല്പട്ടക്കാരൻെറ പാദങ്ങാം കഴുകിയശേഷം സിംഹാസനത്തിൽ എടുത്ത് ഉയർത്തുന്നു.

MALANKARA LIBRARY

www.malankaralibrary.com

147 കാൽകഴുകൽ ശുശ്രൂഷയുടെ ലക്ഷ്യം എന്ത്?

വിനയത്തിന്റെയും ശുശ്രൂഷാജീവിതത്തിന്റെയും പാഠം പഠിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം.

148 ദുഃഖവെള്ളിയാഴ്ച എന്തിനാണ് കയ്പ്പുനീരു കുടിക്കുന്നത്?

കർത്താവിന്റെ പീഡാനുഭവമാകുന്ന 'കയ്പ്പുള്ള കാസായിൽ' പങ്കുപററുവാൻ.

## b ദൈവമാതാവിന്റെയും വിശുദ്ധരുടെയും തിരുനാളുകൾ

149 പരിശുദ്ധ ദൈവമാതാവിന്റെ തിരുനാളുകൾ?

a. പരി. കന്യകാമറിയത്തിന്റെ ജനനം — സെപ്തംബർ 8

b. ദൈവമാതാവിന്റെ പുകഴ്ച — ഡിസംബർ 26

c. പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം — ആഗസ്ററ് 15

d. വിത്തുകളെ പ്രതി പരി. മാതാവിന്റെ ഓർമ്മ — ജനുവരി 15

e. കതിരുകളെപ്രതി പരി. മാതാവിന്റെ ഓർമ്മ — മെയ് 15

150 ആരുടെയൊക്കെ ജന്മദിനമാണ് നാം സഭയിൽ ആഘോഷിക്കുന്നത്? എന്തുകൊണ്ട്?

(യേശുക്രിസ്തു)

പ. കന്യകമറിയം

വി. സ്നാപകയോഹന്നാൻ

ഇവർ ദൈവകൃപയിൽ ജാതം ചെയ്തവരാണ്.

MALANKARA LIBRARY

www.malankaralibrary.com

151 ആരാധനക്രമ വർഷത്തിൽ പ്രധാനമായി അനുസ്മരിക്കപ്പെടുന്ന വിശുദ്ധർ ആരെല്ലാം?

— പരിശുദ്ധ ദൈവമാതാവ്
— സ്നാപക യോഹന്നാൻ
— 12 ശ്ളീഹന്മാർ
— 4 സുവിശേഷകന്മാർ
— 72 ശിഷ്യന്മാർ
— നമ്മുടെ കർത്താവിനെ സ്നേഹിച്ചിരുന്ന സ്ത്രീകൾ.

152 അന്ത്യോക്യൻ സഭയിൽ അനുസ്മരിക്കപ്പെടുന്ന സഭാപിതാക്കന്മാർ ആരെല്ലാം?

— മാർ ഇഗ്നാത്തിയോസ്
— മാർ ക്ലമൻറ് (ക്ളീമിസ്)
— മാർ ദിവന്ന്യാസ്യോസ്
— മാർ അത്തനാസ്യോസ്
— മാർ ബസേലിയോസ്
— മാർ ഗ്രീഗോറിയോസ്
— മാർ അന്തോനിയോസ്
— മാർ ശെമവൂൻ ദെസ്തൂനി

153 അന്ത്യോക്യൻ പാരമ്പര്യത്തിൽ പ്രത്യേക സ്ഥാനമുള്ള ശുദ്ധിമതികൾ?

— വി. മക്രീനാ
— വി. യൂലിത്തി
— വി. സിസിലിയ.

MALANKARA LIBRARY

www.malankaralibrary.com


## X പെരുന്നാളുകളും പ്രദക്ഷിണവും

154 പ്രദക്ഷിണങ്ങൾ എപ്പോഴൊക്കെ നടത്തുന്നു?

പ്രത്യേക ശുശ്രൂഷകൾക്കും പള്ളിപ്പെരുനാളുകൾക്കും പ്രദക്ഷിണങ്ങൾ നടത്തുന്നു.

155 എന്തിനാണ് പ്രദക്ഷിണങ്ങൾ നടത്തുന്നത്?

ഏതെങ്കിലും ബഹുമാനത്തിന് യോഗ്യരായ ആളുകളോടും വസ്തുക്കളോടും ആദരവും ഭക്തിയും അർപ്പിക്കുന്നതിന് പ്രദക്ഷിണങ്ങൾ നടത്തുന്നു.

156 ഏതൊക്കെയാണ് സന്തോഷത്തിന്റെ പ്രദക്ഷിണം?

വി. സ്ലീബാ, വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ ഇവയെ ബഹുമാനിക്കുന്നതിനായി സന്തോഷത്തിന്റെ പ്രദക്ഷിണങ്ങൾ നടത്തുന്നു.

157 എന്തിനാണ് അനുതാപത്തിന്റെ പ്രദക്ഷിണം നടത്തുക?

ദൈവകോപം, പകർച്ചവ്യാധി, പ്രകൃതിക്ഷോഭം ഇവ നീക്കിക്കിട്ടുവാൻ.

158 പ്രദക്ഷിണം ഇറങ്ങുന്ന ക്രമം?

പള്ളിയിൽ നിന്നു വടക്കേ വാതിലിലൂടെ ഇറങ്ങി അതാതു ശുശ്രൂഷയുടെ നിർദ്ദിഷ്ഠ ഗാനങ്ങൾ ചൊല്ലി പള്ളിക്കു തെക്കേ വാതിലിലൂടെ അകത്തു പ്രവേശിക്കുന്ന ഒരു ശുശ്രൂഷാക്രമമാണ് പ്രദക്ഷിണത്തിനുള്ളത്.

159 പ്രദക്ഷിണം നടത്തേണ്ട പെരുനാളുകൾ?

യൽദോ; ദനഹ; ഊശാന

വാദേദൽമിനൊ; വലിയവെള്ളിയാഴ്ച; കൃംതാ

MALANKARA LIBRARY

www.malankaralibrary.com

160 വാദെൽമ്ഹനോയുടെയും വലിയ വെള്ളിയാഴ്ച യുടേയും പ്രദക്ഷിണത്തിന്റെ പ്രത്യേകത?

സാധാരണയിൽ നിന്ന് വിപരീതമായിട്ടാണ് പ്രദക്ഷിണത്തിന് ഇറങ്ങുകയും കയറുകയും ചെയ്യുന്നത്. അതായത് തെക്കേവാതിലിലൂടെ പുറത്തേക്കിറങ്ങി പടിഞ്ഞാറോട്ടുപോയി പള്ളിക്ക് ചുററി വടക്കേ വാതിലിലൂടെ അകത്തു പ്രവേശിക്കുന്നു.

## XI ആരാധനക്രമപ്രതീകങ്ങൾ

ദൈവാലയത്തെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഏതാനും പ്രതീകങ്ങൾ?

161 a സീനായ് മല (പുറ. 19:16–18;24:15,17)
b ഹോറെബ്മല (പുറ. 3:1–3)
c ബഥേൽ (ഉല്പ. 28:18)
d സ്വർഗ്ഗീയ ജെറുസലേം (വെളി 21:10f)

162 ദൈവലായത്തിന്റെ പ്രധാന ഭാഗങ്ങൾ ഏവ? (പടിഞ്ഞാറുനിന്ന് കിഴക്കോട്ട്)

a പൂമുഖം (മോണ്ടളം)
b ഹൈക്കല = ദൈവാലയം (വിശ്വാസികൾ നിൽക്കുന്ന ഭാഗം)
c കെസ്ത്രൂമാ = അഴിക്കകം
d മദ്ബഹാ = ബലിവേദി

163 വി. ത്രോണോസിനെ മൂന്നു വിധത്തിൽ മനസ്സിലാക്കാം. എങ്ങനെയെല്ലാം?

ദൈവത്തിന്റെ സിംഹാസനം
യേശുവിന്റെ കബറിടം
യേശുവിന്റെ ബലിപീഠം

MALANKARA LIBRARY

www.malankaralibrary.com

164 എന്തുകൊണ്ട് ദൈവാലയത്തെ ഗോവണിയോട് ഉപമിക്കുന്നു?

ബഥേലിൽ യാക്കോബ് കണ്ട ദർശനത്തിൽ ഭൂമിയിൽ ഉറപ്പിച്ചിരുന്നതും, മറേറയഗ്രം സ്വർഗ്ഗകവാടത്തിൽ എത്തിനിൽക്കുന്നതുമായൊരു ഗോവണിയാണ് കണ്ടത്. ദൈവദൂതർ അതിൽകൂടെ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരുന്നു (ഉല്പ. 28:12). ദൈവാരാധന നടക്കുമ്പോൾ ഭൂവാസികളോട് സ്വർഗ്ഗവാസികളും സംസർഗ്ഗത്തിലാകുന്ന അവസ്ഥയെയാണ് ഗോവണി സൂചിപ്പിക്കുക.

165 ദൈവം എല്ലായിടത്തും ഉള്ളപ്പോൾ പൗരസ്ത്യർ കിഴക്കോട്ട് തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കുന്നത് വേദപുസ്തകാനുസൃതമാണോ?

അതെ. (a) ദൈവം പറുദീസാ കിഴക്ക് സ്ഥാപിച്ചു (ഉല്പ. 2:8)

(b) എസെക്കിയേൽ കണ്ട ദർശനത്തിൽ ദൈവമഹത്വം കിഴക്കേവാതിലിൽ കൂടി ദൈവാലയത്തിൽ പ്രവേശിച്ചു (44:1__4)

(c) യേശു പ്രഭാത നക്ഷത്രമായി ചിത്രീകരിക്കപ്പെടുന്നു (വെളി.2:28_22:16; 2 പത്രോ. 1:19) പ്രഭാത നക്ഷത്രം കിഴക്കാണ് പ്രത്യക്ഷപ്പെടുക.

(d) മിശിഹായുടെ ജനനത്തെ സൂചിപ്പിച്ച നക്ഷത്രം കിഴക്കായിരുന്നു ജ്യോതിശാസ്ത്രജ്ഞന്മാർക്ക് പ്രത്യക്ഷപ്പെട്ടത് [മത്താ. 2:2]

MALANKARA LIBRARY

www.malankaralibrary.com

(e) മിശിഹായുടെ രണ്ടാം വരവ് കിഴക്കുനിന്നായിരിക്കുമെന്നാണ് വിശ്വാസം [മത്താ. 24:27].

166 മലങ്കര സഭയിൽ എന്തുകൊണ്ടാണ് ക്രൂശിതരൂപം ഉപയോഗിക്കാത്തത്?

ക്രൂശിതരൂപം മിശിഹായുടെ കുരിശുമരണത്തെ മാത്രം സൂചിപ്പിക്കുമ്പോൾ (ക്രൂശിതരൂപം ഇല്ലാത്ത) കുരിശ് യേശുവിന്റെ കുരിശുമരണത്തെയും, ഉത്ഥാനത്തെയും, രണ്ടാമത്തെ ആഗമനത്തെയും, യേശു കൈവരിച്ച മഹത്വത്തെയും അവനിൽ വിശ്വസിക്കുന്നവർക്കുള്ള പ്രത്യാശയെയും സൂചിപ്പിക്കുന്നു. പിതൃസന്നിധിയിൽ മഹത്വത്തിൽ വാഴുന്ന കർത്താവിനെ സൂചിപ്പിക്കുവാൻ ത്രോണോസിൽ വയ്ക്കുന്ന കുരിശ് സാധാരണ രീതിയിൽ വെള്ളി പൊതിഞ്ഞതും, സ്വർണ്ണം കൊണ്ടു ചിത്രപ്പണികൾ ചെയ്ത് അലങ്കരിച്ചതുമായിരിക്കും. വീണ്ടും ഇത് മഹത്വത്തിന്റെയും രാജത്വത്തിന്റെയും അടയാളമാണ്.

167 മറുവഹസാ കിലുക്കുന്നത് എന്തിന്?

മറുവഹസാ കിലുക്കുമ്പോൾ മാലാഖമാർ പറന്നുകൊണ്ട് സ്തുതി പാടുന്ന പ്രതീതി ജനിപ്പിക്കുവാനാണ്.

168 ധൂപാർപ്പണത്തിന്റെ സൂചനകൾ?

a. നമ്മുടെ പ്രാർത്ഥനകൾ അഗ്നിയിൽ എന്ന പ്രകാരം ശോധന ചെയ്യപ്പെട്ടതും തിരഞ്ഞെടുക്കപ്പെട്ട സുഗന്ധം പോലെയും ആയിരിക്കണം,

www.malankaralibrary.com

b. ധൂപകലശത്തിലെ സുഗന്ധമേററു ദൈവം പ്രസാദിക്കുന്നു എന്ന ചിന്തയിൽ നമ്മുടെ പ്രാർത്ഥനകളിൽ ദൈവം പ്രസാദിക്കണം.

c. ധൂപകലശത്തിലെ പുക മേൽപോട്ടുയരുന്ന കണക്കെ നമ്മുടെ പ്രാർത്ഥനകളും ദൈവ സന്നിധിയിലേക്കു കരേറണം.

d. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് ലോകത്തിൽ പാപം മൂലം ഉറഞ്ഞുകിടന്ന ദുർഗന്ധത്തെ തൻെറ സുഗന്ധാർപ്പണം മൂലം ക്രിസ്തു നീക്കിക്കളഞ്ഞു എന്ന സൂചനയും തരുന്നു.

169 മലങ്കരസഭയുടെ പരസ്യാരാധനയിൽ എന്തുകൊണ്ടാണ് വിശ്വാസികരം എഴുന്നേററ് നിൽക്കുന്നത്?

ദൈവസന്നിധിയിൽ നിൽക്കുന്ന ശാരീരിക നിലപാട് ഉയിർത്തെഴുന്നേല്പിൻെറ പ്രതീകമാണ്. അത് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൻെറ പ്രതിഫലനമാണ്. പുറപ്പാടുദിവസം രാത്രിയിൽ തിടുക്കത്തിൽ പുറപ്പെടേണ്ടിയിരുന്നതുകൊണ്ട്, അരകെട്ടിയും, വടി കൈയ്യിൽ പിടിച്ചും നിന്നുകൊണ്ടാണ് യഹൂദർ പെസഹാ ഭക്ഷിച്ചത്. മണവാളനായ കർത്താവിൻെറ രണ്ടാമത്തെ വരവിൽ അവിടുത്തെ എതിരേല്ക്കാനായി ഒരുങ്ങിനിൽക്കുന്ന മണവാട്ടിയെപ്പോലെയും, അവനോടൊപ്പം യാത്ര പുറപ്പെടാനുള്ള ഒരുക്കത്തിലുമാണ് സഭയുടെ നില്പ്.

170 പരിശുദ്ധ കുർബാനയെ എന്തുകൊണ്ട് 'യാത്രാ ഭക്ഷണം' എന്നു വിളിക്കുന്നു?

ഇസബേൽ രാജ്ഞിയെ ഭയപ്പെട്ട് മരുഭൂമിയിൽ ഒളിച്ചുപാർത്തിരുന്ന ഏലിയാ പ്രവാചകന് ദു

MALANKARA LIBRARY

www.malankaralibrary.com

തൻ അപ്പംകൊണ്ടുവന്നു കൊടുത്തിട്ട് പറഞ്ഞു : "എഴുന്നേററു ഭക്ഷിക്കുക, നിനക്ക് ദൂരയാത്ര ചെയ്യാനുണ്ടല്ലോ" അവൻ തിന്നുകുടിച്ചു; ആഹാരത്തിൻെറ ബലംകൊണ്ട് അവൻ നാല്പതു പകലും നാല്പതു രാവും നടന്ന് ദൈവത്തിൻെറ പർവ്വതമായ ഹോറേബിലെത്തി (1 രാജാ. 19:8).

നാല്പതു വർഷക്കാലം മരുഭൂമിയിലൂടെ യാത്ര ചെയ്ത ഇസ്രായേലിന് ദൈവം സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം (മന്നാ) വഴിയാഹാരമായി നൽകി. അതുപോലെ സ്വർഗ്ഗമാകുന്ന കാനാൻ നാടിനെ ലക്ഷ്യമാക്കി തീർത്ഥാടനം നടത്തുന്ന പുതിയ ഇസ്രായേലായ സഭയ്ക്ക് ദൈവം നൽകുന്ന "യാത്രാഭക്ഷണം" ആണ് പരിശുദ്ധ കുർബാന.

171 വൈദികർ എന്തുകൊണ്ടാണ് നമസ്ക്കാരങ്ങൾക്കും ചില ശുശ്രൂഷകൾക്കും കറുത്ത പുറംകുപ്പായമണിയുന്നത്?

പുരാതനസഭയിൽ പ്രായശ്ചിത്തമനുഷ്ഠിക്കുന്ന അനുതാപികൾ കറുത്തവേഷം ധരിച്ചിരുന്നു കറുത്ത കുപ്പായം അനുതാപത്തെ സൂചിപ്പിക്കുന്നു. വി. കുർബാനയ്ക്കുമുമ്പ് പുറംകുപ്പായം ഊരുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽനിന്ന് അതിൻെറ പ്രതീകാത്മകമായ അർത്ഥം വെളിവാകുന്നു: "ദൈവമായ കർത്താവേ, സൂക്ഷ്മതയില്ലാതെ ഞാൻ ചെയ്തുപോയ അപരാധങ്ങൾ നിമിത്തം സാത്താൻ എന്നെ ധരിപ്പിച്ച മലിനവസ്ത്രങ്ങൾ എന്നിൽനിന്ന് ഉരിഞ്ഞുകളയണമെ"

MALANKARA LIBRARY

www.malankaralibrary.com

172 കാഴ്ചവസ്തുക്കരം ശോശപ്പാകൊണ്ട് മൂടിയശേഷം, എന്തുകൊണ്ടാണ് കാർമ്മികൻ ഒരു കോണ് മടക്കിവയ്ക്കുന്നത്?

കർത്താവിനെ കബറടക്കിയശേഷം കബറിന് മുദ്രവച്ച് ഭദ്രമാക്കിയതിനെ സൂചിപ്പിക്കുന്നു. (മത്താ. 27:66). പ്രുമിയോനുശേഷം മടക്കിവച്ചിരുന്ന ശോശപ്പായുടെ കോണ് നിവർത്തുമ്പോരം "അവൻ കബറിൽ നിന്നുയിർത്തു" എന്നാണ് കാർമ്മികൻ പറയുക.

173 എന്തുകൊണ്ടാണ് മലങ്കരപ്പള്ളികളിൽ മദ്ബഹായ്ക്ക് മറ ഉപയോഗിക്കുന്നത്?

മദ്ബഹാ, ക്രിസ്തു മഹത്വത്തിൽ പിതാവിന്റെ വലതുഭാഗത്ത് എഴുന്നെള്ളിയിരിക്കുന്ന സ്ഥലത്തിന്റെ പ്രതീകമാണ് (ഹെബ്രാ. 6: 19 _ 20). മനുഷ്യകുലത്തിന്റെ പാപംമൂലം അടയ്ക്കപ്പെട്ടിരുന്ന സ്വർഗ്ഗകവാടം യേശുവിന്റെ കുരിശുമരണത്തോടെ നമുക്കു തുറന്നുകിട്ടി: "യേശുവിന്റെ രക്തംമൂലം വിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കുവാൻ നമുക്ക് മനോധൈര്യമുണ്ട്. എന്തെന്നാൽ തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നുതന്നിരിക്കുന്നു" (ഹെബ്ര. 10: 19_20). "ഞാനാകുന്നു വാതിൽ. ഒരുവൻ എന്നിലൂടെ പ്രവേശിച്ചാൽ ജീവിക്കും. അവൻ അകത്തു വരുകയും പുറത്തു പോവുകയും മേച്ചിൽ സ്ഥലം കണ്ടെത്തുകയും ചെയ്യും" (യോഹ. 10:9) എന്നരുളിച്ചെയ്ത കർത്താവിന്റെ പ്രതീകമാണ് പള്ളിമറ.

MALANKARA LIBRARY

www.malankaralibrary.com

പരിശുദ്ധ കുർബ്ബാനയുടെയും, കുർബ്ബാന കൂദാശപരമായി അവതരിപ്പിക്കുന്ന യേശുവിന്റെ ജീവിതത്തിന്റെയും, രഹസ്യാത്മകതയെ സൂചിപ്പിക്കാനും വെളിപ്പെടുത്താനുമാണ് മറ ചിലപ്പോൾ ഇടുകയും ചിലപ്പോൾ മാററുകയും ചെയ്യുന്നത്.

174 മസ്നപ്സാ എന്നാൽ എന്ത്?

മെത്രാന്മാരും റമ്പാന്മാരും ശിരസിൽ അണിയുന്ന തലപ്പാവാണിത്. കറുത്ത തുണിയിൽ തയിച്ചുചേർക്കുന്ന ഒരു വലിയ കുരിശും പന്ത്രണ്ട് ചെറിയ കുരിശുകളും യേശുവിനെയും പന്ത്രണ്ട് ശ്ലീഹന്മാരെയും ദൃഷ്ടാന്തീകരിക്കുന്നു.

175 മെത്രാപ്പോലീത്തമാർ ഉപയോഗിക്കുന്ന അംശവടിയുടെ പ്രത്യേകത എന്ത്?

അത് അഹറോന്റെ തളിർത്തവടിയെ സൂചിപ്പിക്കുന്നു. മോശ മരുഭൂമിയിൽ ഉയർത്തിയ പിച്ചള സർപ്പത്തേയും ദൃഷ്ടാന്തീകരിക്കുന്നുണ്ട്. ഇരുവശത്തും സർപ്പങ്ങളും നടുവിൽ കുരിശുമുള്ള അംശവടിയാണ് ഉപയോഗിക്കുന്നത്. കർത്താവിന്റെ സ്ലീബാ സർപ്പത്തിന്റെ ശക്തിയെ കെടുത്തി, അതിനെ വിശ്വാസപൂർവ്വം നോക്കുന്നവർക്ക് രക്ഷയുടെ അടയാളമാണിത്.

176 കുരിശു വരയ്ക്കുന്നതിന്റെ അർത്ഥം?

കുരിശ് രക്ഷയുടെ അടയാളമെന്നനിലയിൽ തന്റെമേൽ കുരിശടയാളം വരയ്ക്കുന്നതുവഴി തന്നിലേക്കു രക്ഷയുടെ അനുഭവം സ്വാംശീകരിക്കുന്നതിനെയാണ് അർത്ഥമാക്കുക.

MALANKARA LIBRARY

www.malankaralibrary.com

177 നമസ്ക്കാരത്തിൻെറ ആരംഭത്തിൽ അടിക്കുന്ന ചെറിയ മണിയുടെ ലക്ഷ്യം?

പൂർണ്ണരാക്കപ്പെട്ടവരെ പ്രാർത്ഥനയ്ക്കായും ശത്രുക്കൾക്കെതിരായി പോരാടാനായും വിളിച്ചുകൂട്ടാൻ വേണ്ടിയാണ് ചെറിയ മണി അടിക്കുന്നത്.

178 മലങ്കര ആരാധനക്രമത്തിൽ എപ്പോഴൊക്കെയാണ് മുട്ടുകുത്ത് ഉള്ളത്?

വി. കുർബാനയുടെ സമയത്ത് വൈദികൻ നാലു പ്രാവശ്യം മുട്ടുകുത്തി പ്രാർത്ഥിക്കുന്നുണ്ട്. കശ്ശീശാപ്പട്ടവും മേല്പട്ടസ്ഥാനവും പ്രാപിക്കുന്നവർ പ്രത്യേക സന്ദർഭങ്ങളിൽ മുട്ടുകുത്തുന്നു. പെന്തിക്കോസ്തി പെരുനാളിൻെറ മൂന്നു ശുശ്രൂഷകളിൽ ഓരോന്നിൻെറയും ഒടുവിൽ കാർമ്മികരോടൊപ്പം വിശ്വാസികളും മുട്ടുകുത്തുന്നു.

179 ശുശ്രൂഷക്കാരും പട്ടക്കാരും ധൂപം വീശുമ്പോഴുള്ള വ്യത്യാസം എന്ത്?

ശുശ്രൂഷക്കാർ ഇടതുകൈ നെഞ്ചോട് ചേർത്തുപിടിച്ചും പട്ടക്കാരൻ ഇടതുകൈ മലർത്തിപ്പിടിച്ചും ധൂപം വീശുന്നു.

180 ദർഗായിൽ കയറുവാൻ അർഹതയുള്ളവർ ആര്? അവർ ശ്രദ്ധിക്കേണ്ട കാര്യം.

പൂർണ്ണശെമ്മാശന്മാർ, പട്ടക്കാർ, മേല്പട്ടക്കാർ. ദർഗായിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും ത്രോണോസിൻെറ മദ്ധ്യത്തിൽ ചുംബിക്കണം.

MALANKARA LIBRARY

www.malankaralibrary.com


181 മലങ്കര പള്ളികളിൽ രൂപങ്ങൾ ഉപയോഗിക്കുമോ?

മലങ്കരപ്പള്ളികളിൽ രൂപങ്ങൾ ഉപയോഗിക്കുന്ന പാരമ്പര്യമില്ല. പൗരസ്ത്യസഭകളുടെ വിശ്വാസം മൗതികമായി (mystical) അവതരിപ്പിക്കുന്ന കലാരൂപം 'ഐക്കൺ' ആണ്.

182 എന്ത് ഏതിനെ അനുസ്മരിപ്പിക്കുന്നു ?

1. മോണ്ടളം — പ്രപഞ്ചം
2. ഹൈക്കലാ — ഭൂമി
3. കെസ്ത്രൂമാ — ഭൗമീക പറുദീസാ
4. മദ്ബഹാ — സ്വർഗ്ഗം
5. ത്രോണോസ് — ദൈവത്തിന്റെ സിംഹാസനം / കർത്താവിന്റെ ഒഴിഞ്ഞ കല്ലറ
6. തബ്ലീത്ത — എദൻതോട്ടത്തിലെ ജീവവൃക്ഷം
7. ചിത്തോല — 'തുന്നലില്ലാതെ നെയ്തുണ്ടാക്കിയ' യേശുവിന്റെ അങ്കി
8. സ്ലീബാ — വിജയപതാക
9. തിരശ്ശീല — യേശുവിന്റെ കുരിശിലെ തകർന്നശരീരം
10. ഏവൻഗേലിയോൻ പീഠം — ഭക്ഷണമേശ (വചനമാകുന്ന ആത്മീയ ഭക്ഷണം)
11. വിരിക്കൂട്ടത്തിന്റെ

ചുവപ്പുനിറം — പ്രപഞ്ചം
പച്ചനിറം — ഭൂമി
വെള്ളനിറം — സഭ

MALANKARA LIBRARY

www.malankaralibrary.com

12. കുർബാനയപ്പത്തിലെ 13 കുരിശുകൾ — യേശുവും പന്ത്രണ്ട് ശ്ലീഹന്മാരും
13. ശോശപ്പ — മേഘം/ആകാശം
14. തർവോദോ (സ്പൂൺ) — സെറഫ് തീക്കനൽ എടുക്കാനുപയോഗിച്ച അഗ്നിക്കൊടിൽ (ഏശയ്യ. 6:6)
15. എസ്പൂഗോ (sponge) — യേശുവിന് വിനാഗിരി മുക്കികൊടുത്ത നീർപ്പഞ്ഞി
16. മർവഹസാ — മാലാഖമാരുടെ ചിറകുകൾ
17. പള്ളിമണി — കാഹളധ്വനി

## XII വി. കുർബാനയിലെ ഗീതങ്ങളുടെ ബൈബിൾ പശ്ചാത്തലം

183 "കൈക്കൊള്ളണമഹറോനണച്ചതുപോലെ ധൂപമിതും....''?

സംഖ്യ. 16:41—50.

184 "നിനുവയരോടുണ്ടായ കോപം നിലവിളിയാൽ നീ നീക്കിയല്ലൊ''?

യോന. 3:6—10.

185 "എരിതീ നിരവിട്ടേറേ ദൂതനിറങ്ങിച്ചെന്ന്... ''?

ലൂക്കാ. 1:26.

186 "മുൾമരമെരിയാതെരിതീ തൻ നടുവിൽ...''?

പുറ. 3:2.

MALANKARA LIBRARY

www.malankaralibrary.com

187 "തൂക്കപ്പെട്ടുമരത്തിൻ വിലാവു തുറന്നാച്ചവളം.''?
യോഹ. 19:34.

188 "വെളിവുനിറഞ്ഞോരീശോ, നിൻ വെളിവാൽ കാണുന്നു....''?

സങ്കീ. 36:9.

189 "കാന്ത്യാ ഞങ്ങളെ നീ താതൻ, കതിരേ ശോഭിപ്പിക്കെന്നും....''?

മലാക്കി 4:2 ("നിങ്ങൾക്കുവേണ്ടി നീതിസൂര്യൻ ഉദിക്കും'').

190 " ഹാബേലിൻ കുഞ്ഞാടും ....'' ?

ഉല്പ. 4:4.

191 "— നോഹിനുടെ കാഴ്ചയതും''?
ഉല്പ 8:20

192 "അബ്രാഹം തൻ ബലിയും ...''

ഉല്പ. 22:1—13.

193 "മുട്ടുന്നോർക്കു തുറന്നിടുമെ നാഥൻ തൻ വാതിൽ... ''

ലൂക്കാ. 11:9.

194 "കർത്താവേ നിൻ രക്തശരീരങ്ങൾ കൈക്കൊണ്ട്''
യോഹ. 6:50—54.

195 "നിന്റെ മഹത്വമുദിക്കും നാൾ....''?
മത്താ. 25:33.

196 "ഭൂവിലശേഷം, ദൈവത്താൽ പ്രേരിതരായ, ശിഷ്യന്മാർ പോയ്.... ''?
മർക്കോ. 16:15.

MALANKARA LIBRARY

www.malankaralibrary.com


197 "പൗലോസ് ശ്ലീഹാ ധന്യൻ....."?

ഗലാ. 1 : 8

198 "സ്തുതിയാഗങ്ങളണച്ചിടുവിൻ, കർത്തൃ പ്രാകാരേ നിർമ്മല കാഴ്ചയുമായ്....."?

സങ്കീ. 96:8; 100:4.

199 "യജമാനൻ വരുമന്നേരത്തുണർവ്വുള്ളോരായ് താൻ ... "?

ലൂക്കാ 12:37—40.

200 "ശുദ്ധൻ, ശുദ്ധൻ, ശുദ്ധൻ....."?

ഏശ. 9:1—5; വെളി. 4:1—11.

201 "നിൻ മൃതി ഞങ്ങൾ നാഥാ ....
വാഴ്വരുളുക ഞങ്ങൾക്കായ് നീ" ?

മത്താ. 26:26—29; മർക്കോ. 14:22—25; ലൂക്കോ. 22:19—20

202 "നിന്നാം സ്തുതിയൊടു.... "

സങ്കീ. 45:9—11.

203 "ഞങ്ങൾക്കായുള്ളർത്ഥന നീ, നിർത്തീടരുതെ പരിശുദ്ധേ.... "

1 സാമു 7:8; 12:23 ("ഞങ്ങൾക്കുവേണ്ടി അവ നോടു പ്രാർത്ഥിക്കുന്നതു നിർത്തരുതേ")

204 "നയവാൻ പനപോലെ തളിർത്തിടുമേ....."?

സങ്കീ. 92:12—14.

MALANKARA LIBRARY

www.malankaralibrary.com

205 "മക്കളിലപ്പൻ കൃപചെയ്‌വതുപോലെ.. " ?
സങ്കീ. 103:13—15.

206 "ചാർത്തും നീതിയെ നിന്നാചാര്യന്മാരും...." ?
സങ്കീ. 132:9—11.

207 "മരമതിനുയരെ കർത്താവേ...."?
ലൂക്കാ. 23:43.

## XIII അന്യഭാഷാപദങ്ങളും അവയുടെ അർത്ഥങ്ങളും

| | | |
|---|---|---|
| 208 ആമ്മീൻ | = | അപ്രകാരം തന്നെ |
| മൂറോൻ | = | സുഗന്ധതൈലം |
| ബാറെക്മോർ | = | നാഥാ അനുഗ്രഹിച്ചാലും |
| സ്തൗമെൻകാലൊസ് | = | നമുക്കു നന്നായി നില്ക്കാം |
| കുറിയേലായിസോൻ | = | കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ |
| മൊറിയോ റാഹേം അലൈൻ ഊ ആദാറൈൻ | = | കർത്താവേ, ഞങ്ങളോടു കരുണ ചെയ്ത് ഞങ്ങളെ സഹായിക്കണമെ. |
| ഹാബീബായ് | = | എന്റെ വാത്സല്യമുള്ളവരെ |
| ശുബഹോ ലാബോ ഉലബ്റോ വലറൂഹോ കാദീശോ | = | പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി |

MALANKARA LIBRARY

www.malankaralibrary.com

| | | |
|---|---|---|
| മെനഓലം വാദമൊല്<br>ഓലം ഒൽമ്മീനാമ്മീൻ | = | ആദിമുതൽ എന്നേക്കും ആമ്മീൻ. |
| ശ്ലോമ്മോ | = | സമാധാനം |
| ശൈനോ | = | ശാന്തി |
| സ്ളീഹോ | = | അയയ്ക്കപ്പെട്ടവൻ |
| മ്ശീഹാ | = | അഭിഷിക്തൻ |
| ആഹായ് | = | എന്റെ സഹോദരങ്ങളെ |
| ബെസ്ക്കുദിശ | = | ശുദ്ധസ്ഥലം |
| പെങ്കീസാ | = | പെരുന്നാരം ക്രമം (വിശേഷമായത്) |
| കൊഹനോ | = | പട്ടക്കാരൻ |
| മ്ശംശോനെ | = | ശെമ്മാശൻ |
| ക്യംത | = | ഉയിർപ്പ് |
| ശൂനോയൊ | = | വാങ്ങിപ്പ് |
| ഓക്സിയോസ് | = | യോഗ്യൻ |
| ഹാശാ | = | കഷ്ടത |
| സൂത്താറോ | = | കാവൽ |
| പത്തീറാ | = | പുളിപ്പില്ലാത്ത അപ്പം |
| ഹമ്മീറാ | = | പുളിപ്പിച്ച അപ്പം |
| ത്രോണോസ് | = | സിംഹാസനം |
| ഗബ്രിയേൽ | = | ദൈവത്തിന്റെ മനുഷ്യൻ |
| നോഹ | = | വിശ്രമം |
| ഇമ്മാനുവേൽ | = | ദൈവം നമ്മോടുകൂടെ |
| കശ്ശീശാ | = | പുരോഹിതൻ |

MALANKARA LIBRARY

www.malankaralibrary.com

സ്ളൂസൊ = പ്രാർത്ഥന
പ്രുമിയോൻ = മുഖവുര, ആമുഖം
സെദറാ = നിരനിരയായ പ്രാർത്ഥന
ഹൂസോയൊ = പാപപരിഹാര പ്രാർത്ഥന
എത്രോ = ധൂപപ്രാർത്ഥന
ഹൂത്തോമൊ = സമാപനം
മസുമൂറാ = സങ്കീർത്തനം
എനിയോനൊ = ധ്യാനകീർത്തനം, പ്രതിവാക്യം
എക്ബോ = കാലടി, തുടർന്നുള്ള പാട്ട്
കോലോ = ശബ്ദം
ബോവൂസോ = അപേക്ഷ
മാനീസോ = ഗീതം, സ്തോത്രം
കുക്കിലിയോൻ = വൃത്തം, ചക്രം
കൗമാ = നിലകാ
കൂദോശ് ഈത്തോ = സഭയുടെ ശുദ്ധീകരണം
ഹൂദോസ് ഈത്തോ = സഭയുടെ പ്രതിഷ്ഠ
ദനഹാ = ഉദയം
തക്സാ = ക്രമം
റൂശ്മാ = വാഴ്വ്, അടയാളം
കാദീശോ = പരിശുദ്ധൻ
ശുബ്ക്കോനോ = മോചനം
മായൽത്തൊ = ദൈവാലയപ്രവേശനം

MALANKARA LIBRARY

www.malankaralibrary.com

# XIV മെത്രാന്മാരുടെ പേരുകളും അർത്ഥവും

209 ബസേലിയോസ് = രാജാവ്

തിമോത്തിയോസ് = ദൈവത്തെ ആദരിക്കുന്നവൻ

ഫിലക്സിനോസ് = അപരിചിതരുടെ സ്നേഹിതൻ

ഈവാനിയോസ് = ദൈവം കരുണയുള്ളവൻ

തെയോഫിലോസ് = ദൈവസ്നേഹിതൻ

ഗ്രിഗോറിയോസ് = ജാഗ്രതയുള്ളവൻ

അത്തനാസ്യോസ് = മരണമില്ലാത്തവൻ

സേവേറിയോസ് = ഉറപ്പുള്ളവൻ, കൃത്യനിഷ്ഠയുള്ളവൻ

ഒസ്താത്തിയോസ് = നല്ലനിലയിലുള്ളവൻ

ദിവന്ന്യാസ്യോസ് = സൂര്യൻ

യൗസേബിയോസ് = ദൈവഭക്തിയുള്ളവൻ

കൂറിലോസ് = കർത്താവ് കൃപ ചെയ്തവൻ

എപ്പിഫാനിയോസ് = പ്രകാശിപ്പിക്കുന്നവൻ

പൊളിക്കാർപ്പോസ് = ധാരാളം ഫലം പുറപ്പെടുവിക്കുന്നവൻ

MALANKARA LIBRARY

www.malankaralibrary.com

## XV ആചാര്യസ്ഥാനത്തിനടുത്ത അംശവസ്ത്രങ്ങളും അവയുടെ പ്രതിരൂപകാർത്ഥങ്ങളും

210

| | ആചാര്യസ്ഥാനം | അംശവസ്ത്രം | പ്രതിരൂപകാർത്ഥം |
|---|---|---|---|
| A. | ശെമ്മാശൻ | വെള്ളക്കുപ്പായം | – മാലാഖമാരുടെ ശുഭ്രവസ്ത്രം |
| | | ഊറാറാ | – മാലാഖമാരുടെ ചിറകുകൾ |
| B. | പട്ടക്കാരൻ | ഹമ്മനീക്ക | – ശത്രുവിൻെറ അക്രമണത്തെ തടയുന്നതിനുള്ള മാർകവചം |
| | | അരക്കെട്ട് | – ശത്രുവിനോട് പോരാടാനുള്ള സന്നദ്ധത |
| | | കൈയ്യുറ | – ദൈവശുശ്രൂഷയ്ക്കും പുണ്യ പ്രവൃത്തികൾക്കുമുള്ള തയ്യാറെടുപ്പ് |
| | | കാപ്പ | – നീതിയുടെയും വിശുദ്ധിയുടെയും വസ്ത്രം |
| | | ചെരുപ്പ് | – പൈശാചിക ശക്തിയെ ചവിട്ടിത്താഴ്ത്താനുള്ള സന്നദ്ധത |
| C. | മേല്പട്ടക്കാരൻ | മസ്നപ്സ | – ഒരു വലിയ കുരിശ് യേശുവിനെയും പന്ത്രണ്ട് ചെറിയ കുരിശുകൾ ശ്ലീഹന്മാരെയും ദൃഷ്ടാന്തീകരിക്കുന്നു. |

MALANKARA LIBRARY

www.malankaralibrary.com


| | |
|---|---|
| ശീലമുടി – | മോശയുടെ മൂടുപടത്തെ സൂചിപ്പിക്കുന്നു |
| പത്രസീൻ – | ഇസ്രായേൽ ഗോത്രങ്ങളുടെ പേരെഴുതിയ പതക്കം അഹറോൻ മാറിൽ അണിഞ്ഞിരുന്നതിനെ സൂചിപ്പിക്കുന്നു. |
| കുരിശുമാല – | തിന്മയുടെ ശക്തികളിൽനിന്നുള്ള കാവലിനെ സൂചിപ്പിക്കുന്നു. |
| അംശവടി – | മോശ ഉയർത്തിയ പിച്ചളസർപ്പത്തെയും, അഹറോന്റെ തളിർത്ത വടിയേയും സൂചിപ്പിക്കുന്നു. |

## XVI ഹൃദിസ്ഥമാക്കേണ്ട ചില പ്രാർത്ഥനകൾ

### 211 ഉണരുമ്പോൾ

+ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും തിരുനാമത്തിൽ. ആമ്മീൻ.
കർത്താവേ, സുഖത്തോടെ എന്നെ എഴുന്നേല്പിച്ചതിനായി നിനക്കു സ്തോത്രം. ഇന്നു പകൽ മുഴുവൻ നിന്നോടുള്ള സ്നേഹത്തിലും നിനക്കു വേണ്ടിയും ജീവിപ്പാൻ എന്നെ ഞാൻ നിനക്കു സമർപ്പിക്കുന്നു. എന്നെ സഹായിക്കണമെ.

### 212 ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ

"ദൈവമെ, ബഹുമതിപൂർവ്വം ഞാൻ നിന്റെ ഭവനത്തിലേക്ക് പ്രവേശിച്ച് എന്റെ നേർച്ചകളെ ഞാൻ കഴിക്കും". (സങ്കി. 66:13)

MALANKARA LIBRARY

www.malankaralibrary.com

## 213 പള്ളിമണി കേൾക്കുമ്പോൾ

"കർത്താവേ, നീ പ്രവർത്തിച്ച രക്ഷയ്ക്കുവേണ്ടി നിന്നെ സ്തുതിപ്പാൻ എന്നെ യോഗ്യനാക്കണമെ",

## 214 ബൈബിൾ വായനയ്ക്കു മുമ്പ്

"ദൈവമായ കർത്താവേ, നിൻെറ ദിവ്യവചനങ്ങൾ തിരിച്ചറിയുവാനും നിൻെറ സുവിശേഷത്തിൻെറ അർത്ഥം ഗ്രഹിക്കുവാനുമുള്ള കഴിവ് ഞങ്ങൾക്ക് നൽകണമെ. നിൻെറ ദിവ്യദാനങ്ങളുടെ സമൃദ്ധിയും പരിശുദ്ധാത്മ നൽവരങ്ങളുംകൊണ്ട് ഞങ്ങളെ നിറയ്ക്കണമെ. സന്തോഷപൂർവ്വം നിൻെറ കല്പനകൾ ആചരിക്കുവാനും, തിരുഹിതം നിറവേററാനും, നിൻെറ അനുഗ്രഹങ്ങൾക്കും കരുണയ്ക്കും അർഹരായി ഭവിക്കുവാനും ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും ഞങ്ങളെ യോഗ്യരാക്കണമെ". ആമ്മീൻ.

## 215 ഭക്ഷണത്തിന് മുമ്പ്

കർത്താവേ, ഭക്ഷിപ്പാനും പാനം ചെയ്വാനും നീ ഞങ്ങൾക്കു തന്നിട്ടുള്ള ആഹാരത്തേയും നിൻെറ കരുണയേയും ഓർത്ത് നിന്നെ സ്തുതിക്കുകയും വന്ദിക്കുകയും ചെയ്വാൻ ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

## 216 ഭക്ഷണത്തിന് ശേഷം

ദൈവമേ, നിൻെറ കൃപയും വാഴ്വും നിമിത്തം നിനക്കു സ്തുതി. ഞങ്ങളെ തീററി തൃപ്തിപ്പെടുത്തിയതിനാൽ നിനക്കു സ്തുതി. നിന്നെ സ്തുതിപ്പാനും നിൻെറ ഇഷ്ടം ചെയ്വാനും ഞങ്ങളെ യോഗ്യരാക്കണമെ. ആമ്മീൻ.

MALANKARA LIBRARY

www.malankaralibrary.com

## 217 ജോലി തുടങ്ങുമ്പോൾ

കർത്താവേ, നിൻെറ തിരുനാമ മഹത്വത്തിനായി ഈ ജോലിയെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ ജോലിയും പരിശ്രമങ്ങളും നിൻെറ ഇഷ്ടപ്രകാരമായിരിപ്പാൻ നിനക്കു നേർച്ചയായി അർപ്പിക്കുന്നു.

വി. മറിയമേ, വി. യൗസേപ്പേ, എൻെറ കാവൽ ദൂതാ, എന്നെ സഹായിക്കണമെ. ആമ്മീൻ.

## 218 ജോലി അവസാനിക്കുമ്പോൾ

കർത്താവേ, എന്നെ സഹായിക്കയും അനുഗ്രഹിക്കയും ചെയ്ത നിൻെറ കൃപയ്ക്കു സ്തോത്രം. തിരുനാമം ഇപ്പോഴും എപ്പോഴും സ്തുതിക്കപ്പെടട്ടെ. ആമ്മീൻ.

## 219 യാത്ര പുറപ്പെടുമ്പോൾ

കർത്താവേ, ഈ വഴിയാത്രയിൽ നീ ഞങ്ങളോടുകൂടെ ആയിരിക്കണമെ. നിൻെറ കൃപ ഞങ്ങളിൽ ശക്തിപ്പെടണമെ. നിന്നെ അത്യധികം സ്നേഹിപ്പാനും മഹത്വപ്പെടുത്തുവാനും ഞങ്ങൾക്കു സംഗതിയാക്കണമെ.

വിശുദ്ധ കന്യകമറിയാമേ, ഈ യാത്രയിൽ ഞങ്ങളെ സഹായിക്കണമേ.

## 220 യാത്ര പുറപ്പെടുന്നവർക്കുവേണ്ടി

തൻെറ പരിശുദ്ധ ശ്ലീഹന്മാരെ വഴിനടത്തി "ലോകാവസാനത്തോളംഅവരോടുകൂടെ ഉണ്ടായിരിക്കുമെന്ന്" അരുളിച്ചെയ്ത ദൈവമായ കർത്താവേ, ഈ നിൻെറ ദാസരെ വഴി നടത്തുകയും അവരോടുകൂടെ ആയിരിക്കുകയും ചെയ്യണമെ. അനുഗ്രഹകരമായി അവരെ തിരിച്ചുവരുത്തണമെ. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശു

www.malankaralibrary.com

ദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേററുമാറാകണമെ. ആമ്മീൻ.

## 221 യാത്രഅവസാനിക്കുമ്പോൾ

കർത്താവേ, ഈ യാത്രയിൽ നിൻെറ കൃപയും സഹായവും സഹവാസവും എന്നെ കാത്തുകൊണ്ടതിനായി നിനക്കു സ്തോത്രം. നിനക്കു മഹത്വം. നിൻെ തിരുവിഷ്ടം എന്നിൽ നിവർത്തിയാകട്ടെ.

## 222 കാവൽമാലാഖയോടുള്ള പ്രാർത്ഥന

എന്നെ കാക്കുന്ന ദൈവദൂതാ, ദൈവം തൻെറ കരുണയാൽ നിനക്ക് ഏല്പിച്ചിരിക്കുന്ന എന്നെ ഈ ദിവസത്തിലും (ഈ രാത്രിയിലും) എൻെറ മരണനേരത്തും ആത്മശരീരസംബന്ധമായ എല്ലാ ആപത്തുകളിലും പിശാചിൻെറ പരീക്ഷകളിലും സഹായിച്ചു കാത്തുപാലിക്കണമെ.

## 223 എത്രയും ദയയുള്ള മാതാവേ ...

എത്രയും ദയയുള്ള മാതാവേ, നിൻെറ സങ്കേതത്തിൽ ഓടി വന്ന് നിൻെറ സഹായം അപേക്ഷിച്ച് നിൻെറ മാദ്ധ്യസ്ഥം യാചിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി ലോകത്തിൽകേട്ടിട്ടില്ലെന്ന് ഓർക്കണമെ. കന്യകകളുടെ രാജ്ഞി, ദയയുള്ള മാതാവേ, ഇപ്രകാരമുള്ള വിശ്വാസത്താൽ ധൈര്യംപ്രാപിച്ച് നിൻെറ തൃപ്പാദത്തിങ്കൽ ഞാൻ അടുത്തുവരുന്നു. പാപിയായ ഞാൻ നെടുവീർപ്പോടും കണ്ണുനീരോടും നിൻെറ ദയാധിക്യത്തെ പ്രതീക്ഷിച്ചുകൊണ്ട് നിൻെറ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ, എൻെറ അപേക്ഷയെ നിരസിക്കാതെ ദയാപൂർവ്വം കേട്ടരുളണമെ. ആമ്മീൻ.

MALANKARA LIBRARY

www.malankaralibrary.com


# XVII ആരാധനാ സംബന്ധമായ നാല്പത് വേദവാക്യങ്ങൾ

1 ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്. (യോഹ. 4:24).

2 ഇസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതൻ. ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു, എന്നെ ആരാധിക്കാൻ വേണ്ടി എന്റെ പുത്രനെ വിട്ടയയ്ക്കുക. (പുറ. 4:23).

3 കർത്താവ് ഇസ്രായേൽ മക്കളെ സന്ദർശിക്കുന്നുവെന്നും കേട്ടപ്പോൾ, അവർ തലകുനിച്ച് അവിടുത്തെ ആരാധിച്ചു. (പുറ. 4:31)

4 മുകളിൽ ആകാശത്തിലോ താഴെ ഭൂമിയിലോ ഭൂമിയ്ക്കടിയിലെ ജലത്തിലോ ഉള്ള ഒന്നിന്റെയും പ്രതിമയോ സ്വരൂപമോ നീ നിർമ്മിക്കരുത്. അവയ്ക്കു മുമ്പിൽ പ്രണമിക്കുകയോ അവയെ ആരാധിക്കുകയോ ചെയ്യരുത്. (പുറ. 20:4_5)

5 നിങ്ങളുടെ ദൈവമായ കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ സേവിക്കുകയും ചെയ്യണം. അവിടുത്തെ നാമത്തിൽ മാത്രമേ സത്യം ചെയ്യാവൂ. (നിയമ. 6:13)

6 ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും. (ജോഷ്വാ 24:15)

7 ഈജിപ്തിൽ നിന്നു തന്റെ കരുത്തുററ കരം നീട്ടി നിങ്ങളെ മോചിപ്പിച്ച കർത്താവിനെ നിങ്ങൾ ആദരിക്കണം. അവിടുത്തെ നമിക്കുകയും അവിടുത്തേക്കു ബലിയർപ്പിക്കുകയും വേണം. (2രാജ. 17:36)

8 കർത്താവിന്റെ ശക്തിയും മഹത്വവും സകല ജനതകളും പ്രകീർത്തിക്കട്ടെ! അവിടുത്തെ നാമ

MALANKARA LIBRARY

www.malankaralibrary.com


ത്തെ യഥായോഗ്യം മഹത്വപ്പെടുത്തുവിൻ; തിരു മുമ്പിൽ കാഴ്ച സമർപ്പിക്കുവിൻ.
(1 ദിനവൃ. 16:28_29)

9 ഞാൻ എന്റെ ദൈവത്തെ മഹത്വപ്പെടുത്തുന്നു; സ്വർഗ്ഗത്തിന്റെ രാജാവിനെ എന്റെ ആത്മാവ് പുകഴ്ത്തുന്നു. (തോബിത്ത്, 13:7)

10 സ്വന്തം ആലയം രക്ഷിക്കാൻ അത്ഭുതകരമായി പ്രവർത്തിച്ച കർത്താവിനെ യഹൂദജനം വാഴ്ത്തി. (2 മക്ക. 3:30)

11 കർത്താവേ, ഞങ്ങളുടെ കർത്താവേ, ഭൂമിയിലെങ്ങും അവിടുത്തെ നാമം എത്ര മഹനീയം! അങ്ങയുടെ മഹത്വം ആകാശങ്ങൾക്കു മീതെ പ്രകീർത്തിക്കപ്പെടുന്നു. (സങ്കീ. 8:1)

12 കർത്താവിന്റെ മഹത്വപൂർണ്ണമായ നാമത്തെ സ്തുതിക്കുവിൻ; വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ. (സങ്കീ. 29:2)

13 കൃതജ്ഞതയായിരിക്കട്ടെ നീ ദൈവത്തിനർപ്പിക്കുന്ന ബലി. അത്യുന്നതനുള്ള നിന്റെ നേർച്ചകൾ നിറവേററുക. (സങ്കീ. 50:14)

14 ബലികളിൽ അങ്ങ് പ്രസാദിക്കുന്നില്ല. ഞാൻ ദഹന ബലി അർപ്പിച്ചാൽ അങ്ങ് സന്തുഷ്ടനാവുകയില്ല. ഉരുകിയ മനസ്സാണ് ദൈവത്തിനു സ്വീകാര്യമായ ബലി. (സങ്കീ. 51:16_17)

15 ദൈവമേ, സീയോനിൽ വസിക്കുന്ന അങ്ങ് സ്തുത്യർഹനാണ്. അങ്ങേയ്ക്കുള്ള നേർച്ചകൾ ഞങ്ങൾ നിറവേററും. (സങ്കീ. 65:1)

16 വരുവിൻ, നമുക്ക് കുമ്പിട്ട് ആരാധിക്കാം. നമ്മെ സൃഷ്ടിച്ച കർത്താവിന്റെ മുമ്പിൽ മുട്ടുകുത്താം. (സങ്കീ. 95:6)

MALANKARA LIBRARY

www.malankaralibrary.com

17 നമ്മുടെ ദൈവമായ കർത്താവിനെ പുകഴ്ത്തുവിൻ അവിടുത്തെ പാദപീഠത്തിങ്കൽ പ്രണമിക്കുവിൻ. അവിടുന്നു പരിശുദ്ധനാണ് (സങ്കീ. 99:5)

18 ദേവാലയത്തിലേക്കു പോകുമ്പോൾ സൂക്ഷ്മതയുള്ളവനായിരിക്കുക. ശ്രദ്ധിച്ചുകേൾക്കാൻ അടുത്തുചെല്ലുന്നതാണ് വിഡ്ഢിയുടെ ബലിയർപ്പണത്തെക്കാൾ ഉത്തമം. (സഭാപ്ര. 5:1).

19 കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ മകുടമാകുന്നു. (പ്രഭാ. 1:18)

20 അവ പരസ്പരം ഉദ്ഘോഷിച്ചുകൊണ്ടിരുന്നു. പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ. ഭൂമി മുഴുവൻ അവിടുത്തെ മഹത്വം നിറഞ്ഞിരിക്കുന്നു. (ഏശയ്യ 6:3)

21 ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം. (ഏശ. 58:6).

22 ആത്മാവിൽ എളിമയും അനുതാപവും ഉണ്ടായിരിക്കുകയും എന്റെ വചനം ശ്രവിക്കുമ്പോൾ വിറയ്ക്കുകയും ചെയ്യുന്നവനെയാണ് ഞാൻ കടാക്ഷിക്കുക. (ഏശ. 66:2)

23 ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്. ദഹനബലികളല്ല ദൈവജ്ഞാനമാണ് എനിക്കിഷ്ടം. (ഹോസി. 6:6).

24 ഞാൻ കൃതജ്ഞതാസ്തോത്രങ്ങളാലപിച്ച് അങ്ങേയ്ക്കു ബലി അർപ്പിക്കും. ഞാൻ എന്റെ നേർച്ചകൾ നിറവേററും. (യോനാ. 2:9)

25 ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. (മത്താ. 2;11)

MALANKARA LIBRARY

www.malankaralibrary.com

26 നിൻെറ ദൈവമായ കർത്താവിനെ ആരാധിക്കണം:
അവിടുത്തെ മാത്രമേ പൂജിക്കാവൂ. (മത്ത. 4:10).
27 യേശുവിൻെറ മുമ്പിലും പിമ്പിലും നടന്നിരുന്ന
ജനങ്ങൾ ആർത്തുവിളിച്ചു; ദാവീദിൻെറ പുത്ര
നു ഹോസാന! കർത്താവിൻെറ നാമത്തിൽ വരു
ന്നവൻ അനുഗ്രഹീതൻ! ഉന്നതങ്ങളിൽ ഹോസാന.
(മത്താ. 21:9)
28 എൻെറ ആത്മാവ് കർത്താവിനെ മഹത്വപ്പെടു
ത്തുന്നു. എൻെറ ചിത്തം എൻെറ രക്ഷകനായ
ദൈവത്തിൽ ആനന്ദിക്കുന്നു. (ലൂക്കാ. 1:46_47).
29 അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനു
ഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും
ചെയ്തു. (അപ്പ. പ്ര. 2:47)
30 ആകയാൽ സഹോദരരെ, ദൈവത്തിൻെറ കാരു
ണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട്
അപേക്ഷിക്കുന്നു. നിങ്ങളുടെ ശരീരങ്ങളെ വി
ശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീ
വബലിയായി സമർപ്പിക്കുവിൻ. (റോമ. 12:1)
31 ഞാൻ എൻെറ ആത്മാവുകൊണ്ടും മനസ്സു
കൊണ്ടും പ്രാർത്ഥിക്കും; ആത്മാവുകൊണ്ടും
മനസ്സുകൊണ്ടും പാടുകയും ചെയ്യും. (1 കോ
രി. 14:15)
32 തൻെറ ആദ്യജാതനെ ലോകത്തിലേക്ക് അയച്ച
പ്പോൾ അവിടുന്നു പറഞ്ഞു. ദൈവത്തിൻെറ ദൂത
ന്മാരെല്ലാം അവനെ ആരാധിക്കട്ടെ. (ഹെബ്ര. 1:6)
33 അവനിലൂടെ നമുക്ക് എല്ലായ്പോഴും ദൈവ
ത്തിന് സ്തുതിയുടെ ബലി അർപ്പിക്കാം. നന്മ
ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കു
ന്നതിലും ഉപേക്ഷ വരുത്തരുത്. അത്തരം
ബലികൾ ദൈവത്തിന് പ്രീതികരമാണ്.
(ഹെബ്ര. 13:15_16).

MALANKARA LIBRARY

www.malankaralibrary.com

34 നിങ്ങൾ സജീവ ശിലകൾ കൊണ്ടുള്ള ഒരു ആത്മീയ ഭവനമായി പടുത്തയർത്തപ്പെടട്ടെ. യേശു ക്രിസ്തുവഴി ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമാവുകയും ചെയ്യട്ടെ. (പത്രോ. 2:5).

35 ദൈവത്തെ ആരാധിച്ചുകൊണ്ടുപറഞ്ഞു: ആമേൻ, നമ്മുടെ ദൈവത്തിനു സ്തുതിയും മഹത്വവും ജ്ഞാനവും കൃതജ്ഞതയും ബഹുമാനവും അധികാരവും ആധിപത്യവും എന്നേക്കുമുണ്ടായിരിക്കട്ടെ! ആമേൻ. (വെളി. 7:12)

36 "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും, രാജകീയ പുരോഹിതഗണവും, വിശുദ്ധ ജനതയും, ദൈവത്തിൻെറസ്വന്തംജനവുമാണ്". (1പത്രോ.2:9)

37 "എനിക്ക് ഒരു ചെലവുമില്ലാത്ത ബലി എൻെറ ദൈവമായ കർത്താവിന് ഞാൻ അർപ്പിക്കുകയില്ല". (2 ശമു. 24:24)

38 "നിൻെറ കർത്താവിൻെറ സന്നിധിയിൽ വെറും കയ്യോടെ വരരുത്. നിൻെറ ദൈവമായ കർത്താവ് നിങ്ങൾക്ക് നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾക്കൊത്തവിധം ഓരോരുത്തനും കഴിവനുസരിച്ച് കാഴ്ചകൾ സമർപ്പിക്കണം. (നിയമാ. 16:16-17)

39 "നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിൻെറ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ". (1 കോറി. 6:20)

40 നാലു ജീവികൾ ഇടവിടാതെ ഉദ്ഘോഷിച്ചു. "ആയിരുന്നവനും, ആയിരിക്കുന്നവനും, വരാനിരിക്കുന്നവനും, സർവ്വശക്തനും, ദൈവവുമായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ". (വെളി. 4:8)

MALANKARA LIBRARY

www.malankaralibrary.com

# പഴയ നിയമ വായന സഹായി

**വായനയ്ക്കു മുമ്പുള്ള സുമ്മാറ:**

"നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്ന് ദാവീദു മുഖാന്തരം പരിശുദ്ധ റൂഹാ പാടി".

സങ്കീ. 118:15.

| പുസ്തകം | പ്രഖ്യാപനം | പ്രതിവാക്യം |
| --- | --- | --- |
| ഉല്പത്തി | 'ഒറൈത്തായുടെ ഒന്നാം പുസ്തകത്തിൽ നിന്നും' ബാറെക്മോർ | സൃഷ്ടിയുടെ ഉടയവനു സ്തുതി<br>അവന്റെ അനുഗ്രഹങ്ങൾ നമ്മുടെമേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ. |
| പുറപ്പാട്, ലേവ്യർ, സംഖ്യാ, നിയമാവർത്തനം | 'ഒറൈത്തായുടെ രണ്ടാം/മൂന്നാം/നാലാം/അഞ്ചാം /പുസ്തകത്തിൽനിന്നും ... | ദീർഘദർശിമാരുടെ ഉടയവനു സ്തുതി... |
| ജോഷ്വാ. | ജോഷ്വാ പ്രവാചകന്റെ പുസ്തകത്തിൽനിന്നും ... | പ്രവാചകന്മാരുടെ ഉടയവനു സ്തുതി... |

MALANKARA LIBRARY

www.malankaralibrary.com



| | | |
|---|---|---|
| ന്യായാധിപൻമാർ. | ന്യായാധിപൻമാരുടെ പുസ്തകത്തിൽനിന്നും... | ന്യായാധിപൻമാരുടെ ഉടയവനു സ്തുതി... |
| രൂത്ത്, യൂദിത്ത്, എസ്തേർ. | ശുദ്ധിമതിയായ രൂത്തിൻെറ / യൂദിത്തിൻെറ/എസ്തേറിൻെറ പുസ്തകത്തിൽനിന്നും... | ശുദ്ധിമതിമാരുടെ ഉടയവനു സ്തുതി ... |
| 1, 2 ശമുവേൽ | ന്യായാധിപനായ ശമുവേലിൻെറ ഒന്നാം/രണ്ടാം പുസ്തകത്തിൽ നിന്നും... | ന്യായാധിപൻമാരുടെ ഉടയവനു സ്തുതി... |
| 1, 2 രാജാക്കൻമാർ | രാജാക്കൻമാരുടെ ഒന്നാം/രണ്ടാം പുസ്തകത്തിൽനിന്നും... | രാജാക്കൻമാരുടെ ഉടയവനു സ്തുതി... |
| 1, 2 ദിനവൃത്താന്തം | രാജാക്കൻമാരുടെ ഒന്നാം/രണ്ടാം ദിനവൃത്താന്തപുസ്തകത്തിൽ നിന്നും ... | രാജാക്കൻമാരുടെ ഉടയവനു സ്തുതി... |
| എസ്രാ, നെഹെമിയാ. | എസ്രായുടെ/നെഹമിയായുടെ പുസ്തകത്തിൽനിന്നും ... | ന്യായാധിപൻമാരുടെ ഉടയവനു സ്തുതി... |
| ജോബ്, തോബിത്ത് | നീതിമാനായ ജോബിൻെറ/തോബിത്തിൻെറ പുസ്തകത്തിൽനിന്നും ... | നീതിമാൻമാരുടെഉടയവനു സ്തുതി... |
| 1, 2 മക്കബായർ | മക്കബായരുടെ ഒന്നാം/രണ്ടാം പുസ്തകത്തിൽനിന്നും... | മക്കബായരുടെ ഉടയവനു സ്തുതി... |

www.malankaralibrary.com



| | | |
|---|---|---|
| സങ്കീർത്തനങ്ങൾ | രാജാവും ദീർഘദർശിയുമായ ദാവീദിൻെറ സങ്കീർത്തനങ്ങളിൽ നിന്നും ... | രാജാക്കന്മാരുടെ ഉടയവനു സ്തുതി ... |
| സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം | ജ്ഞാനിയായ സോളമൻെറ സുഭാഷിതങ്ങളിൽനിന്നും... | ജ്ഞാനികളുടെ ഉടയവനു സ്തുതി ... |
| പ്രഭാഷകൻ | ബാർ സീറാക്കിൻെറ പുസ്തകത്തിൽ നിന്നും... | ജ്ഞാനികളുടെ ഉടയവനു സ്തുതി... |
| ഏശയ്യാ | മഹത്വമുള്ള ഏശയ്യാദീർഘദർശിയുടെ പുസ്തകത്തിൽനിന്നും... | ദീർഘദർശികളുടെ ഉടയവനു സ്തുതി... |
| ജറെമിയ, എസെക്കിയേൽ, വിലാപങ്ങൾ, ബാറുക്ക്. | ജറെമിയ ദീർഘദർശിയുടെപുസ്തകത്തിൽനിന്നും... | ദീർഘദർശികളുടെ ഉടയവനു സ്തുതി... |
| ദാനിയേൽ | ദാനിയേൽ ദീർഘദർശിയുടെ പുസ്തകത്തിൽനിന്നും... | ദീർഘദർശികളുടെ ഉടയവനു സ്തുതി ... |
| ഹോസിയാ മുതൽ മലാക്കി വരെയുള്ള 12 പ്രവാചകന്മാർ | (പേര്) പ്രവാചകൻെറ പുസ്തകത്തിൽനിന്നും... | പ്രവാചകന്മാരുടെ ഉടയവനു സ്തുതി ... |